Reg: No. K. 31

തൊഴിലാളി

Founder Father Vadakkan

Honorary Chief Editor T. O. Mathew M. A. : : Managing Editor B. Wellington B. A.

റോമിലെ ദുഃഖവെള്ളിയാഴ്ച ചടങ്ങുകൾ

(റോയിട്ടർ) റോം, ഏ. 16

പോപ്പ് മാപ്പാപ്പാ തിരുമേനിയുടെ കാർമികത്വത്തിൽ സെന്റ് മേരി മേജർ ബസ്‌ലിക്കായിൽവെച്ച് ഗംഭീരവും ശോകനിർഭരവുമായ ദുഃഖവെള്ളിയാഴ്ച ചടങ്ങുകൾ നടന്നു. ആയിരക്കണക്കിനു് ഇറാലിക്കാരും വിദേശതീർത്ഥാടകരും ഇതിൽ പങ്കെടുത്തു.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാരാന്ത്യപ്രതിപ്

	പോസ്റ്റ്‌വഴി	പോസ്റ്റ്‌വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്രതിപ് ഓരോന്നും		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 103 | 1965 ഏപ്രിൽ 18 ഞായർ തൃശൂർ | വില 7 പൈസ | പേജ് 4

ഷേക്കിനു് ഇന്ത്യയുമായി ബന്ധമുണ്ടാകില്ല

കാശ്മീർകാര്യത്തിൽചൈനീസ് സഹായം സ്വീകരിച്ചാലെന്നു് ശാസ്ത്രി

(പി. ടി. ഐ) അലഹബാദ് ഏ. 17

കാശ്മീർ കാര്യത്തിൽ ചൈനയുടെ സഹായം സ്വീകരിക്കുവാൻ ഷെയിക്ക് അബ്ദുള്ള മുതിരുകയാണെങ്കിൽ, അദ്ദേഹത്തിനു് ഇന്ത്യയുമായി പിന്നെ യാതൊരുബന്ധവും ഉണ്ടാവുകയില്ലെന്നു് പ്രധാനമന്ത്രി ശാസ്ത്രി ഇവിടെ ഒരു പൊതുയോഗത്തിൽ പ്രസ്താവിച്ചു.

ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമായ തുകൊണ്ട് ഷെയിക്ക് വിദേശത്തുപോകുന്നതിനേയോ, കാശ്മീരിനെ സംബന്ധിക്കുന്ന അദ്ദേഹത്തിന്റെ നിലപാടിനെയോ താൻ തടഞ്ഞിട്ടില്ല. പക്ഷെ അദ്ദേഹം ചൈനീസ് പ്രധാനമന്ത്രിയെ കാണുമെന്നോ, പൌരോഹിത്യപദവിയിലേയ്ക്കു് കാശ്മീർ പ്രശ്നം ചർച്ചചെയ്യുമെന്നോ, അല്ലെങ്കിൽ ചൈനീസ് സൈന്യത്തെ കാശ്മീരിലേയ്ക്കു് അയയ്ക്കുന്നതിനുള്ള ക്ഷണം സ്വീകരിക്കുമെന്നോ നാം കരുതുകയുണ്ടായില്ല. കാശ്മീർ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ചൈനീസ് സഹായം ഷെയിക്ക് സ്വീകരിക്കുകയാണെങ്കിൽ പിന്നെ അദ്ദേഹത്തിനു് ഇന്ത്യയുമായി യാതൊരു ബന്ധവും ഉണ്ടാകുകയില്ല. ഈ വികാസങ്ങളുടെ വെളിച്ചത്തിലാണ് ഷെയിക്ക് അബ്ദുള്ളയുടെ പാസ് പോർട്ട് റദ്ദാക്കിയതു്.

കാശ്മീർ ഇന്ത്യയുടെ ഒരു അവിഭാജ്യ ഭാഗമാണു്. ആസ്ഥിതി തുടരുകയും ചെയ്യും.

ഹിന്ദിയെപ്പറ്റി

ഇന്ത്യയുടെ ഔദ്യോഗിക ഭാഷ ഹിന്ദിയാണെന്നും, ആ കാര്യത്തിൽയാതൊരു മാറ്റവുമില്ലെന്നും ശാസ്ത്രി പറഞ്ഞു. ഹിന്ദി ഔദ്യോഗികഭാഷയായി രൂപീകരണ അംഗീകരിച്ചിട്ടുണ്ടു്. പക്ഷെ ഇംഗ്ലീഷ് ഒരു സഹഭാഷയായി തുടരുമെന്നു് തെക്കുള്ളവർക്കു് പരേതനായ പ്രധാനമന്ത്രി നെഹ്റു ഉറപ്പുകൊടുത്തിരുന്നു. ആ ഉറപ്പിനെ പാലിക്കുവാൻ താൻ ശ്രമിക്കുന്നതാണു്. തെക്കൻ മേഖലയിൽ ഹിന്ദി ഏപ്പെടുത്തുന്നകാര്യത്തിൽ തിടുക്കമുണ്ടായില്ല.

ഹിന്ദി നല്ല പുരോഗതി നേടുന്നുണ്ടു്. മദ്രാസിൽനിന്നു കൊല്ലംതോറും 30000_40000 കുട്ടികൾ ഹിന്ദി പരീക്ഷിക്കുന്നുണ്ടു്. ഇന്ത്യയെ മുഴുവൻ ഇടപ്പിക്കുന്ന ഒരു ഭാഷ ആവശ്യമാണു്. അതിലൂടെ ദേശീയൈക്യം ഉണ്ടാവുകയില്ല.

ഹിന്ദി പ്രേമികൾ അഹിന്ദി മേഖലകളിൽ ഹിന്ദി അടിച്ചേല്പിക്കുവാൻ തിടുക്കം കാണിക്കരുതു്. ഭാഷാപ്രശ്നം സൌഹാർദ്ദപരമായി പരിഹരിക്കുന്നതിനു് ഒരുതരീക്ഷം ഉണ്ടാകണം.

കോൺഗ്രസ്സുകാരോടു്

പാടങ്ങളിലും, ഫാക്ടറികളിലും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, അങ്ങിനെ സമൃദ്ധിയും, സൌഭാഗ്യവും കളിയാടുന്ന ഒരു യുഗത്തിലേക്കു് ഇന്ത്യയെ നീക്കുന്നതിനും ഗവണ്മെന്റുമായി സഹകരിക്കുവാൻ ശാസ്ത്രി കോൺഗ്രസ്സുകാരെ ആഹ്വാനംചെയ്തു. കോൺഗ്രസ്സ് പ്രവർത്തകരുടെ ഒരു യോഗത്തിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. കോൺഗ്രസ്സുകാർ ഗ്രാമങ്ങളിലേക്കു് തിരിയണമെന്നും, കാഷ്കോല്പാദനം വികസിപ്പിക്കുന്നതിനു് കൃഷിക്കാർക്കു് ആവശ്യമായ വിജ്ഞാനം പകർന്നുകൊടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ ഏതാനും മാസങ്ങളിൽ ഭക്ഷ്യക്ഷാമം മൂലം വളരെ വിഷമതകൾ നാടിനു് അനുഭവിക്കേണ്ടിവന്നു. ആ കുഴപ്പം ഇപ്പോൾ തീർന്നിരിക്കുകയാണു്. ഇപ്പോഴത്തെ ഗോതമ്പു്_നെൽ വിളകൾ വളരെ നന്നായിട്ടുണ്ടു്. ആവശ്യമായ ഘട്ടങ്ങളിൽ വിപണികളിൽ ഇറക്കുന്നതിനു ഗവണ്മെന്റുണ്ടു് ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നുണ്ടു്. രാജ്യം ഭക്ഷ്യ_സ്വയംപര്യാപ്തത നേടുന്നതുവരെ ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യേണ്ടിവരും,

ബഫർസ്റ്റോക്കിന്റെ ആവശ്യത്തിലേക്കു് സംസ്ഥാനങ്ങളിൽനിന്നു് ഗവണ്മെന്റു് 9 ലക്ഷം ടൺ അരി എടുത്തിട്ടുണ്ടു്, ഗോതമ്പും മറ്റുമുള്ള സംസ്ഥാനങ്ങളിൽനിന്നു് ഗോതമ്പും ഗവണ്മെന്റു് വാങ്ങുന്നതാണു്.

—

വഴിമാറിപ്പോയതിൽ ശാസ്ത്രിയുടെ വ്യസനം

(പി. ടി. ഐ) അലഹബാദ് ഏ. 17

വിമാനത്താവളത്തിൽനിന്നു് സർക്യൂട്ട് ഹൌസിലേക്കുള്ള വഴിയിൽ പ്രധാനമന്ത്രി ശാസ്ത്രിയെ അഭിവാദ്യം ചെയ്യുന്നതിനു് ഇന്നലെ തിങ്ങിക്കൂടിയ ജനങ്ങളെ അവസാനം ശാസ്ത്രിയെ കാണാതെ നിരാശരാകേണ്ടിവന്നു.

സമാജ്‌വാദി യുവജന്സഭയും, പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയും ചേർന്നു് ഒരു കരിങ്കൊടി പ്രകടനം നടത്തുമെന്നുള്ള റിപ്പോർട്ടിനെതുടർന്നു് അധികൃതർ ശാസ്ത്രിയുടെ സഞ്ചാരവീഥി പൊടുന്നനെ മാറ്റുകയാണുണ്ടായതു്. അധികൃതർ ഇത്തരത്തിലുള്ള ഒരു മാറ്റത്തിനു് മുതിർന്നതിൽ കോൺഗ്രസ്സുകാർക്കു് അമർഷമുണ്ടായി. കോൺഗ്രസ്സ് പ്രവർത്തകരുടെ ഒരു യോഗത്തിൽ ശാസ്ത്രിയെ സ്വാഗതംചെയ്തു യു. പി. സി. സി. പ്രസിഡണ്ടു് കമലാപതി ത്രിപതി ഈ കാര്യം പറയുകയും ചെയ്തു. പരേതനായ നെഹ്രു നഗരം സന്ദർശിച്ചിട്ടുള്ള പല സന്ദർഭങ്ങളിലും ഇത്തരത്തിലുള്ള പ്രകടനങ്ങൾ ഉണ്ടായിട്ടുണ്ടു്. പക്ഷെ അതിന്റെ പേരിൽ സഞ്ചാരവീഥിയിൽ മാറ്റം വരുത്താറില്ല. അധികൃതർ ഇന്നായെങ്കിലും അതു് മനസ്സിലാക്കണമെന്നു് ത്രിപതി പറഞ്ഞു. അവസാനനിമിഷത്തിൽ ഉണ്ടായ ഈ മാറ്റത്തെപ്പറ്റി താൻ ചിന്തിക്കുകയുണ്ടായെന്നും, അതൊരിക്കലും ശരിയായിരുന്നില്ലെന്നും, താൻ അതിൽ വ്യസനിക്കുന്നുവെന്നും ശാസ്ത്രി പറഞ്ഞു. പ്രകടനങ്ങളെ നേരിടുകയാണു് വേണ്ടതു്. അല്ലാതെ ഭയപ്പെട്ടു് വഴിമാറിപ്പോകുകയല്ല വേണ്ടതെന്നും അദ്ദേഹം തുടർന്നുപറഞ്ഞു.

—

"ബാബാ വിരോധം"!

(സ്വ. പ്ര.) തൃശൂർ ഏ. 17

ഇന്നലെ ഉച്ചയ്ക്കുശേഷം തൃശൂരിലെ കാൽഡിയൻസഭാവക മത്തമറിയം വലിയപള്ളി പരിസരത്തുനിന്നും മുഴങ്ങികേൾ



ശാസ്ത്രിയുടെ അമേരിക്കൻസന്ദർശനം നീട്ടിവെച്ചു

[പി ടി ഐ] ന്യൂഡൽഹി ഏ. 17

പ്രധാനമന്ത്രി ശാസ്ത്രിയുടെ അമേരിക്കൻ സന്ദർശനം അടുത്ത ശിശിരകാലത്തേക്കു് നീട്ടിവെച്ചിരിക്കുന്നു.

ജൂൺ 2 മുതൽ 8 ദിവസം അമേരിക്കൻ സന്ദർശനം നടത്തുന്നതിന്നായിരുന്നു മുൻ പരിപാടി. ഈ ഘട്ടത്തിൽ തനിക്കു് പിടിപ്പുള്ള പണിയുള്ളതുകൊണ്ടു് സന്ദർശനം നീട്ടിവെച്ചാൽ കൊള്ളാമെന്നു് പ്രസിഡണ്ടു് ജോൺസൺ താല്പര്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണു് ഈ നിർദ്ദേശമുണ്ടായിട്ടുള്ളതു്. പ്രധാനമന്ത്രി ശാസ്ത്രി ജോൺസന്റെ ഈ അഭ്യർത്ഥന സ്വീകരിച്ചിട്ടുണ്ടു്.

ശാസ്ത്രിയുടെ അമേരിക്കൻ സന്ദർശനം നീട്ടിവെക്കണമെന്നുള്ള ജോൺസന്റെ അഭ്യർത്ഥന ഇവിടത്തെ രാഷ്ട്രീയവൃത്തങ്ങളിൽ അത്ഭുതമുളവാക്കിയിട്ടുണ്ടു്.

....

സെൻ ജപ്പാനിലേക്കു് കാഷ്കിക വിപ്ലവത്തെപ്പറ്റി പഠിക്കാൻ

[പി ടി ഐ] കൽക്കത്ത, ഏ. 17

സാമ്പത്തികമായി മെച്ചമില്ലാത്ത സ്ഥലങ്ങളിൽ കൈവശമുള്ള ലക്ഷോപലക്ഷം കൃഷിക്കാരെ കൃഷിപ്പണിയിൽനിന്നു് വിടുവിച്ചു്, അവക്കു് മറ്റു തൊഴിൽ കൊടുക്കുകയെന്നതാണു് രാജ്യത്തിന്റെ മുമ്പിലുള്ള പ്രധാനപ്രശ്നമെന്നു് പശ്ചിമബങ്കാൾ മുഖ്യമന്ത്രി പി. സി. സെൻ ഇന്നിവിടെ പ്രസ്താവിച്ചു. ഇതു ചെയ്തില്ലെങ്കിൽ അവക്കു് അവശ്യമായ കൃഷിഭൂമിയിൽനിന്നു് ആവശ്യമായ ഭക്ഷണം ഉല്പാദിപ്പിക്കുന്നതിനോ, നാട്ടിൽനിന്നു പട്ടിണി നീക്കുന്നതിനോ സാധ്യമല്ലെന്നു് അദ്ദേഹം പറഞ്ഞു.

ജപ്പാനിൽ സമാധാനപരമായി നടന്ന കാഷ്കികവിപ്ലവത്തെപ്പറ്റി പഠിക്കുവാൻ സെൻ നാളെ അങ്ങോട്ടു് പോകുകയാണു്. യുദ്ധംകൊണ്ടു് വലിയ നാശനഷ്ടങ്ങളും ഭ്രഷ്ടുവാൻ സഹിച്ചു. എന്നിട്ടും ഒരു പുരോഗമിച്ച കാഷ്കികഘട്ടത്തിലെത്തിപ്പോൾ അതിന്റെ മുൻസാമ്പത്തികശേഷിയെ വീണ്ടെടുക്കുവാൻ കഴിഞ്ഞതെങ്ങിനെയെന്നുള്ളതു് പഠനാർഹമാണെന്നും അവിടെ നടന്ന പരീക്ഷണങ്ങളും ഇന്ത്യയ്ക്കും പ്രയോജനപ്പെടുവാൻ സാധിക്കുമെന്നും സെൻ പറഞ്ഞു.

....

കരുണാനിധി ജാമ്യത്തിൽ ഇറങ്ങി

[പി ടി ഐ] മദ്രാസ്, ഏ. 17

ഡി. എം. കെ. നേതാവു് എം. കരുണാനിധിയെ മദ്രാസ് സെൻട്രൽ ജയിലിൽനിന്നു് ഇന്നു് ജാമ്യത്തിൽ വിട്ടു. 5000 രൂപ്പികയുടെ സ്വന്തം ജാമ്യവും അതേ തുകകൊടുക്കുന്ന മറ്റു രണ്ടു ആൾ ജാമ്യവും കൊടുത്തിട്ടാണു് കരുണാനിധിയെ ചീഫ് പ്രസിഡൻസി മജിസ്ട്രേട്ട് വിട്ടയച്ചതു്.

....

സ്ത്രീകളെ വൈദീകപദവിയിലേയ്ക്കുയർത്തുന്നതിനെ കത്തോലിക്കാസഭ എതിർക്കുന്നു

[റോയിട്ടർ] വത്തിക്കാൻ ഏ. 17

സ്ത്രീകളെ പൌരോഹിത്യപദവിയിലേയ്ക്കുയർത്തുന്നതിനോടു് കത്തോലിക്കാസഭ എതിരാണെന്നു് ഒരു ഇംഗ്ലീഷ് വൈദികനും ഏഴുകുമെനിസ്വിദഗ്ധനുമായ ഫാദർ ചാൾസ് ബോയർ ഇന്നലത്തെ "ഒസ്സർവത്തോരേ റൊമാനോ"യിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

വിശുദ്ധരായ സ്ത്രീകൾ ക്രിസ്തുവിനെ അനുഗമിച്ചിരുന്നുവെങ്കിലും തന്റെ ശിഷ്യന്മാരുടെ ഗണത്തിൽ അവരിലാരേയും — സ്വന്തം അമ്മയെപ്പോലും — അദ്ദേഹം ഉൾപ്പെടുത്തുകയണ്ടായില്ലെന്നു് ഫാദർ ചാൾസ് തന്റെ ലേഖനത്തിൽ പറഞ്ഞു.

സ്ത്രീകൾക്കു വൈദീകപട്ടം നൽകുന്നതിനെപ്പറ്റി സഭകളുടെ ലോകകൌൺസിൽ ഇപ്പോൾ നടത്തിവരുന്ന ചർച്ചകളുടെ ഒരു ചൂടുതട്ടിലായിരുന്ന ഫാദർ ചാൾസിന്റെ ഈ ലേഖനം. പൌരോഹിത്യപദവി പുരുഷന്മാർക്കവേണ്ടിമാത്രം നീക്കിവെയ്ക്കപ്പെട്ടിട്ടുള്ളതാണെന്നാണു് കത്തോലിക്കാസഭയുടെ പഠനമെന്നു് അദ്ദേഹം തുടർന്നു പറഞ്ഞു. സ്ത്രീകളെ പൌരോഹിത്യത്തിലേയ്ക്കുയർത്തുന്നതിനെ പ്രോട്ടസ്റ്റൻറുകാർ പൊതുവെ അനുകൂലിക്കുന്നുണ്ടു്. നേരേമറിച്ചു് കാർത്തഡോക്സുകാർക്കു് ഈ നിലപാടിനോടെതിർപ്പാണുള്ളതു്.

ക്രൈസ്തവൈക്യത്തിനു വിഘാതമായിത്തീർന്നേക്കാവുന്ന ഒരു തീരുമാനം ഇക്കാര്യത്തിൽസഭകളുടെലോകകൌൺസിൽ സ്വീകരിക്കുകയില്ലെന്നു് ഫാദർ ചാൾസ് പ്രത്യാശ പ്രകടിപ്പിച്ചു.

വിയറ്റ്നാം യുദ്ധം

പാലം തകർക്കാൻ മിസ്സയിൽ ആക്രമണം

7 അമേരിക്കൻ വിമാനങ്ങൾ വീഴ്ത്തിയെന്നു് ഹാനോയി

(ഏ. എഫ്. പി.] സൈഗോൺ, ഏ. 17

വടക്കൻ വിയറ്റ്നാമിലെ വിൻ മേഖലയിൽ ഏഴു് പാലങ്ങളുടെ നേരെ അമേരിക്കൽ ബോമ്പർ വിമാനങ്ങൾ ഇന്നലെ ആക്രമണം നടത്തി.

ഹാനോയിയിൽനിന്നു് 250 കിലോമീറ്റർ ദൂരെയാണു് വിൻ സ്ഥിതിചെയ്യുന്നതു്. അമേരിക്കൻ ഏഴാം നാവികസേനയുടെ വിമാനങ്ങൾ ആക്രമിച്ചതു് ഈ ആക്രമണത്തിൽ 600 റാത്തൽ ഭക്ഷ്യമുള്ള നിയന്ത്രിത മിസ്സയിലുകൾ ഉപയോഗിച്ചു് അഞ്ചു് പാലങ്ങളും നശിപ്പിച്ചു. ഒന്നു് തകർന്നിട്ടുണ്ടു്. മറ്റൊന്നിനു് കേടുപാടുകൾ വരുത്തിയെന്നും അമേരിക്കൻ വൃത്തങ്ങൾ പറഞ്ഞു. ആകെ 80 വിമാനങ്ങൾ ആക്രമണത്തിൽ പങ്കെടുത്തു.

7 വിമാനങ്ങൾ വീഴ്ത്തി

(ഏ. എഫ്. പി.)

ഹോങ്കോങ് ഏ. 17

വടക്കൻ വിയറ്റ്നാമിൻറെ മുകളിൽനിന്നു് ഏഴു് അമേരിക്കൻ വിമാനങ്ങൾ വെടിവെച്ചു് വീഴ്ത്തിയെന്നു് ഹാനോയി റേഡിയോ ഉദ്ഘോഷിച്ചുകൊണ്ടു് ന്യൂ ചൈന ന്യൂസ് ഏജൻസി പ്രസ്താവിച്ചു.

'അമേരിക്കൻ സാമ്രാജ്യത്വവാദികൾ വടക്കൻ വിയറ്റ്നാമിലെ ജനവാസകേന്ദ്രങ്ങളിൽ ബോമ്പെറിയുന്നതിനു് ഇന്നും വിമാനങ്ങളെ അയച്ചുവെന്നും, ആ ഭാഗങ്ങളിലുള്ള പട്ടാളവും, ജനങ്ങളും ഈ ആക്രമണങ്ങളെ പൊതുവെ ധീരവിജയം നേടിയെന്നും' റേഡിയോ ഹാനോയി പറഞ്ഞു.'

കമ്മ്യൂ. കപ്പലുകൾ മുക്കി

[റോയിട്ടർ] സൈഗോൺ ഏ. 17

കഴിഞ്ഞ രാത്രിയിൽ വടക്കൻ വിയറ്റ്നാമിൽ നടത്തിയ ആക്രമണത്തിനിടയിൽ നാല് കമ്മ്യൂണിസ്റ്റ് കപ്പലുകളെ തകർത്തുമുക്കിയെന്നു് തെക്കൻവിയറ്റ്നാമീസ് വൈമാനികർ റിപ്പോർട്ടുചെയ്തു. അവ യുദ്ധകപ്പലുകളാണു്.

ഇന്നലെ ഏറ്റവും കനത്ത തോതിൽ ബോമ്പാക്രമണം നടന്ന വിയറ്റ്കോങ്ങ് കേന്ദ്രം നിശ്ശേഷം തുടച്ചുനീക്കപ്പെട്ടുവെന്നുവരുത്തുന്നതിനു് തെക്കൻ വിയറ്റ്നാം സേനകളെ ആ സങ്കേതത്തിൽ വിമാനങ്ങളിൽനിന്നിറക്കി. 1000 ടൺ ബോമ്പാണു് ഈ വിയറ്റ്കോങ്ങ് കേന്ദ്രത്തിൽ വർഷിക്കപ്പെട്ടതു്.

ജോൺസന്റെ ഓഫർ തള്ളിക്കളഞ്ഞു

[റോയിട്ടർ] പീക്കിങ്ങ് ഏ. 17

വിയറ്റ്നാം പ്രശ്നം പരിഹരിക്കുന്നിന്നു് നിരുപാധിക ചർച്ചകൾക്കു് അമേരിക്ക തയ്യാറാണെന്നുള്ള പ്രസിഡണ്ടു ജോൺസന്റെ പ്രസ്താവന ലോകബഹുജനാഭിപ്രായത്തെ കളിപ്പിക്കുന്നതിനുള്ള ഒന്നാണെന്നു് വടക്കൻ വിയറ്റ്നാം പ്രധാനമന്ത്രി പാം വാൽ സോങ്ങ് പറഞ്ഞതായി ന്യൂ ചൈന ന്യൂസ് ഏജൻസി ഇന്നു് റിപ്പോർട്ടു് ചെയ്തു.

ലോകാഭിപ്രായത്തിന്റെ സമ്മർദ്ദം കൊണ്ടു് പ്രസിഡണ്ടു് ജോൺസൺ ഇത്തരം പ്രസ്താവനകൾ ചെയ്യുവാൻ നിർബന്ധിതനായി തീരുകയാണെന്നു് സോങ്ങ് കരുതുന്നു.

—

റേഷൻ ഷാപ്പുകളിൽ ഗോതമ്പ് ചിലവാകുന്നില്ലെന്നു് ഔദ്യോഗിക വക്താവു്

തിരുവനന്തപുരം, ഏപ്രിൽ 17

പാസ്യവിപണിയിൽ അരി ധാരാളമായി ലഭിക്കാൻ തുടങ്ങിയതിനെ തുടർന്നു് റേഷൻഷാപ്പുകളിൽ ഗോതമ്പിന്റെ ചിലവു് വളരെ കുറഞ്ഞിട്ടുണ്ടെന്നു് ഒരു ഔദ്യോഗിക വക്താവു് ഇന്നു പ്രസ്താവിച്ചിരിക്കുന്നു. പക്ഷേ ക്ഷാമമാസങ്ങളായ ജൂൺ_ആഗസ്റ്റു് മാസങ്ങളിൽ ചിലവു് വീണ്ടും വർദ്ധിക്കാനാണു് സാദ്ധ്യത.

കഴിഞ്ഞ ഡിസംബർ മാസത്തിൽ 12000 ടൺ ഗോതമ്പു് ആഴ്ചതോറും റേഷൻഷാപ്പുകളിൽ ചെലവായിരുന്നതു് ഇപ്പോൾ 7000_ത്തിനു താഴെയായി കുറഞ്ഞിട്ടുണ്ടു്. (സ്വ. ലേ)

—

പ്രതിഷേധക്കുറിപ്പ്കൊണ്ടു് ആക്രമണത്തെ ചെറുക്കാനാവില്ല

പാക്കിസ്ഥാനു് മനസിലാകുന്നതു് ബലപ്രയോഗം മാത്രമാണെന്നു് ഛഗ്ല

(പി ടി ഐ) ബോംബെ, ഏ. 17

ഇന്ത്യ അതിന്റെ മുഴുശക്തിയോടെ ആക്രമണത്തെ ചെറുക്കുമെന്നു് പാക്കിസ്ഥാനു് വ്യക്തമാക്കികൊടുക്കേണ്ട സമയം അതിക്രമിച്ചുവെന്നു് കേന്ദ്ര വിദ്യാഭ്യാസമന്ത്രി എം. സി ഛഗ്ല ഇവിടെ പ്രസ്താവിച്ചു.

പ്രോഗ്രസ്സീവ് ഗ്രൂപ്പ് ഡംഘലടിപ്പിച്ച ഒരു പൊതുയോഗത്തിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു.

ശക്തിയിൽ മാത്രം വിശ്വസിക്കുന്ന പാക്കിസ്ഥാനു് നമ്മുടെ ഭാഗ്രഹ്ണിനുള്ള ശക്തിപ്രകടനാകൊണ്ടു് മാത്രമേ നമ്മെ മനസ്സിലാക്കുവാൻ കഴിയുകയുള്ള.

കാശ്മീരിലും കച്ചിലും, മറ്റു ഭാഗങ്ങളിലുമുള്ള നമ്മുടെ അതിർത്തി പ്രദേശങ്ങളെ പാക്കിസ്ഥാൻ കരണ്ടു് തിന്നുകയാണു്. ശക്തിയെ മാത്രം മനസ്സിലാക്കുന്നവരും, നമ്മുടെ ആദർശങ്ങളും, തത്വശാസ്ത്രവും എന്നിവയിൽ നിന്നു് വിഭിന്നമായി നിലകൊള്ളുന്നതുമായ പാക്കിസ്ഥാനെപ്പോലെയുള്ള ഒരു രാഷ്ട്രവുമായി പ്രശ്നങ്ങളെ എങ്ങിനെ പരിഹരിക്കുവാൻ കഴിയുമെന്നു് അതിനെപ്പറ്റിയുള്ള ഒരു സഭയിൽ ഏപ്പെടുത്തിട്ടുണ്ടെങ്കിൽ അതിനടിസ്ഥാനം ഇന്ത്യയുടെ ദൌർബ്ബല്യം മാത്രമാണു്.

നമ്മുടെ ഭാഗത്തും ചിലപാപങ്ങൾ പിണഞ്ഞിട്ടുണ്ടു്. ഇത്തരം ആക്രമണങ്ങൾ ശരിയല്ല. പാക്കു് ഭാഗത്തുനിന്നു് ഇത്തരം ആക്രമണങ്ങൾ കണ്ടുകൊണ്ടിരിക്കുവാൻ നമുക്കു് സാധ്യമല്ല. ഏതു് അതിർത്തിക്കും സമാധാനപരമായ കൂടിയാലോചനകളിൽ കൂടിയാണു് പരിഹരിക്കേണ്ടതു്. ആവശ്യമെന്നു് വന്നാൽ ഇന്ത്യൻ അതിർത്തികളെ സംരക്ഷിക്കുന്നതിനു് ഇന്ത്യ ആയുധമെടുക്കുകതന്നെ ചെയ്യും.

എന്തായാലും പാക്കിസ്ഥാനുമായി ഈ കാര്യങ്ങളെ സംബന്ധിച്ചു് ചർച്ച ചെയ്യാമെന്നു് ഇന്ത്യ സമ്മതിച്ചിട്ടുണ്ടു്. അന്താരാഷ്ട്രീയ തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുകയെന്നതാണു് ഇന്ത്യയുടെ നയം. കച്ചു്_സിന്ധു് അതിർത്തിയിൽ 'സ്റ്റാറസ് കോ' പുനസ്ഥാപിതമായാലല്ലാതെ സംഭാഷണങ്ങൾ നടത്തുവാൻസാധ്യമല്ലെന്നു് ഇന്ത്യ പാക്കിസ്ഥാനെ അറിയിച്ചിട്ടുണ്ടു്.

കൂടിയാലോചനകളിൽ കൂടി തർക്കം പരിഹരിക്കുവാൻ കഴിഞ്ഞാൽ നല്ലതാണു് ആ ശ്രമം പരാജയപ്പെടുകയാണെങ്കിൽ ആക്രമണം കഴിവാക്കണമെന്നു് ഇന്ത്യ സന്നദ്ധമാകണം. നിലവിലുള്ള വിപത്തിനെ നേരിടുന്നതിനു് ജനങ്ങളും യോജിക്കണമെന്നു് ശാസ്ത്രി പറഞ്ഞു.

പൂർപ്പൻ നിയോജകമണ്ഡലത്തിലെ സൊറണൂരിൽ ചേർന്ന ഈ പൊതുയോഗത്തിൽ വിജയലക്ഷ്മി പണ്ഡിറാണു് അദ്ധ്യക്ഷം വഹിച്ചു.

—

പെണ്ണും പണവും കൈവിട്ട നിർഭാഗ്യൻ!

(റോയിട്ടർ) ബാങ്കോക്ക്, ഏ. 15

തന്റെ കാമുകിയാൽ വഞ്ചിതനായ സൂപ്പർ ലാവോസവാട് എന്ന 27 വയസ്സുള്ള യുവാവു് വിഷം കഴിച്ചശേഷം തന്റെ ഏതേയ്ശരീരയുടെ പാതനിൽവീണ മരിക്കാൻ വേണ്ടി ബസ്സിൽ കയറി യാത്രതിരിച്ചു.

പക്ഷേ സൂപ്പർ കഴിച്ച വിഷം മരിക്കാനാവശ്യമായിരുന്നതിലും അല്പം കുറഞ്ഞുപോയി. അതും പോരാഞ്ഞു്, ബസ്സ് തൊഴിലാളിയായ തുമൂലം കാമുകിയുടെ വീട്ടിൽനിന്നും രണ്ടു മൈൽ അകലെയാണു് ബസ്സിറങ്ങിയതു്. അവശനായ സൂപ്പറിനെപോലീസുകാർ കണ്ടെത്തി. ആസ്പത്രിയിൽവച്ചു് സൂപ്പർ സുഖം പ്രാപിച്ചു.

വിഷം കഴിക്കുന്നതിനുമുമ്പായി, ജീവിതത്തിലെ അവസാന പുണ്യപ്രവൃത്തിയെന്ന നിലയിൽ തന്റെ പണം മുഴുവൻ ധർമ്മം നൽകിയെന്നും പെണ്ണും പണവും കൈവിട്ട ഒരു നിർഭാഗ്യനാണു് താനെന്നും സൂപ്പർ പോലീസിനോടു് പറഞ്ഞു.

....

സച്ചാസിങ്ങിനെ വിട്ടു് കിട്ടുമോ?

[പി. ടി. ഐ] കാത്മണ്ഡു ഏ. 17

കൈറോൺ വധകേസിലെ പ്രധാനസാക്ഷിയെന്നു് സംശയിക്കപ്പെടുന്ന സച്ചാസിങ്ങിനെ കൈമാറണമെങ്കിൽ ഇന്ത്യയിലുള്ള രണ്ടു് നേപ്പാൾ അഭയാർത്ഥികളെ വിട്ടുകിട്ടണമെന്ന നേപ്പാൾ ആവശ്യപ്പെട്ടതായി ഒരു ന്യൂഡൽഹി പത്രത്തിൽ വന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നു് ഒരു വിദേശകാര്യാലയ വക്താവു് പ്രസ്താവിച്ചു.

ഇവിടത്തെ ഇന്ത്യൻ എമ്പസിയും ഈ വാർത്തയെ ഒരു പത്രകാർപ്പിൽ നിഷേധിച്ചിട്ടുണ്ടു്. സച്ചാസിങ്ങിനെ വിട്ടുകിട്ടുന്നതിനുള്ള കേസിന്റെ വിചാരണ ഏപ്രിൽ 19നു് ജില്ലാകോടതിയിൽ നടക്കുമെന്നും, ഈ കാര്യത്തിൽ ഇന്ത്യാഗവണ്മെന്റുമായി നേപ്പാൾ ഗവണ്മെന്റു് പൂർണ്ണമായി സഹകരിക്കുന്നുണ്ടെന്നും കാഠ്മണ്ഡുവിൽ പറഞ്ഞിട്ടുണ്ടു്. ഈ വിചാരണയിൽ ഇന്ത്യയുടെ ഭാഗം വാദിക്കുന്നു് പബ്ലാബ് അഡ്വക്കേറ്റ് ജനറൽ ജഗന്നാഥ് കൌസൽ ആണു്.

.....

ട്രാൻസ്പോർട്ട് പണിമുടക്ക അന്വേഷണം

(സ്വ. പ്ര.) തൃശൂർ, ഏ. 17

ഈയിടെയുണ്ടായ സംസ്ഥാനവ്യാപകമായ ട്രാൻസ്പോർട്ട പണിമുടക്കിന്നാസ്പദമായ ഇരിങ്ങാലക്കുട ഡി. വൈ. എസ്. പി.യുടെ മേലുള്ള ആരോപണത്തെ സംബന്ധിച്ചുള്ള അന്വേഷണം, തൃശൂർ ഡിസ്ട്രിക്ട് കളക്ടറുടെ മുൻപാകെ 12_4_65 മുതൽ ആരംഭിച്ചിരിക്കുകയാണു്.

ഇതിനകംതന്നെ തൊഴിലാഴിമാളികളുടെ ഭാഗത്തുനിന്നു് നിരവധി സാക്ഷികം തെളിവു് നൽകിക്കഴിഞ്ഞിട്ടുണ്ടു്. തെളിവെടുപ്പു് നാളത്തോടുകൂടി അവസാനിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ഏപ്രിൽ 23, 24 എന്നീ തീയതികളിൽ വാദം കേൾക്കുന്നതും അതിനശേഷം റിപ്പോർട്ടു് ഗവണ്മെന്റിലേക്കു കളക്ടർ അയക്കു

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 18...ാംതീയതി ഞായർ

വലിയ സംഭവം

....o....

ഇല്ല. ദുഃഖവെള്ളിയാഴ്ച അധികം നീണ്ടുനിന്നില്ല. അസത്യത്തിന്റെ വിജയപതാക അധികം പാറിക്കളിച്ചില്ല. അധികാരപ്രമത്തരുടേയും ഭീരുക്കളുടേയും വ്യർത്ഥാഭിലാഷങ്ങളും പുഷ്പിച്ച് കായ്ചില്ല. പാവങ്ങളെ പീഡനംചെയ്ത ഭൂമുത്ത സമ്പന്നന്മാർ പണിതീർത്ത ബംഗ്ലാവുകളുടെ താഴികക്കുടങ്ങളും മോന്തായങ്ങളും അടിതകർന്ന് നിലംപരിശാകാൻ വലിയ താമസം വന്നില്ല. എന്തുകൊണ്ടെന്നാൽ സത്യം ജയിക്കുക തന്നെ ചെയ്തു. മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം കുറച്ചുള്ളടി കൃത്യമായി പറഞ്ഞാൽ മുപ്പത്താറാം മുപ്പത്തെട്ടാം മണിക്കൂറിനുശേഷം ക്രിസ്തു മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേറ്റു.

ലോകചരിത്രത്തിലെ ഏറ്റവും വലിയ സംഭവം നടന്ന ദിവസമാണിന്ന്. മരിച്ചവരിൽ നിന്ന് സ്വശക്തിയാൽ ക്രിസ്തു ഉയിർത്തെഴുന്നേറ്റ മഹാ ദിവസമാണിന്ന്. സത്യത്തിന്റെ വിജയം കണ്ട് വാനാന്തരപികൾപോലും തിമിർത്തു് ആഹ്ലാദിച്ച സുദിനമാണിന്ന്. ദുഃഖത്തിന്റെ താഴ്വരയാകുന്ന ലോകജീവിതത്തിൽനിന്ന് ലോകർക്ക് സ്വർഗ്ഗരാജ്യകവാടങ്ങൾ മലർക്കെ തുറന്നു കിട്ടിയ മഹൽദിനമാണിന്ന്.

ക്രിസ്തുവിനെ അടക്കം ചെയ്ത തോട്ടക്കാരൻ, അദ്ദേഹത്തെ സംബന്ധിക്കുന്ന എല്ലാം അവസാനിച്ചുവെന്ന കരുതി പീലാത്തോസും ക്ലൗഡിയാ കയ്ഫാസും യഹൂദ പുരോഹിതന്മാരും പരിപൂർണ്ണ ചാരിതാർത്ഥ്യമടഞ്ഞു് വർത്തിക്കുകയായിരുന്നു. ഞങ്ങളൊയിരിക്കുമ്പോഴാണ് അവരെയെല്ലാം അമ്പരപ്പിച്ചുകൊണ്ട്, സത്യനേഷികൾക്കെല്ലാം ആശയും ആവേശവും പകർന്നുകൊണ്ട് ക്രിസ്തു ഉയർത്തെഴുന്നേറ്റത്. കല്ലറ പൊടിയിരിക്കുന്ന കല്ലുകൊണ്ടുപോലും മൈതനും പ്രാപിച്ചുപോലായ്, എന്തുകൊണ്ടെന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ പുറത്തുകൊണ്ടുവരാൻ കല്ലുകൾ സ്വയം വഴിമാറിക്കൊടുത്തു. ഉത്പ്രേരകപ്രവാഹമായി, പ്രകാശപ്പൊലിമ ചുറ്റുപാടും പ്രസരിപ്പിച്ചുകൊണ്ട് ക്രിസ്തു പുറത്തുവന്നു.

ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലായിരുന്നെങ്കിലോ? ഹാ! അക്കാര്യം ആലോചിക്കാൻപോലും പേടിയാകുന്നില്ലേ? ഭൂമുത്ത അധികാരക്കോമരങ്ങൾ എന്നെന്നും കൊടികുത്തി വാഴുമായിരുന്നില്ലേ? മർദ്ദനവീരന്മാർ അവരുടെ സംഘിധാനങ്ങൾ നിരങ്കുശം പ്രവർത്തിക്കുമായിരുന്നില്ലേ? ദൈവസുതനായ ക്രിസ്തുവിനോട് അങ്ങിനെ ചെയ്തവർ മറ്റു മനുഷ്യരോട് എന്തൊക്കെയാണ് ചെയ്യുമായിരുന്നില്ല? അതെ പച്ചമരത്തിനോട് അങ്ങിനെയെങ്കിൽ ഉണക്കമരത്തിനോട് അവർ എന്തു് ചെയ്യുമായിരുന്നില്ല? ലോകത്തിന്റെ സൃഷ്ടാവിനെ ഭൂമിയിൽനിന്നു് കുടിയിരുക്കിയ വീരന്മാർ നിരാലംബരായ പാവങ്ങളോട് എന്തെല്ലാം ചെയ്യുമായിരുന്നില്ല? അതെ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ് ലോകചരിത്രഗതിയുടെ ഒരാവശ്യമായിരുന്നു.

ആരാധ്യം പകരുവച്ച പുലർത്തേയും, എല്ലാവരോടും സ്നേഹം പ്രത്യേഭിപ്രിച്ചുകൊണ്ടുമാണ് ക്രിസ്തു ഉത്ഥാനം ചെയ്തതു്. തുക്കിലേറ്റാൻ കുരിശുകെട്ടിയില്ലുന്നവരെ നോക്കി "പിതാവെ ഇവർ ചെയ്യുന്നതു് എന്തു കണ്ണാണ് ഇവർ അറിയുന്നില്ല, ഇവരോടു് ക്ഷമിക്കേണമെ" എന്ന പ്രാർത്ഥിച്ച ആ ദൈവസുതനിൽനിന്നു് മറെന്തു പ്രതീക്ഷിക്കാൻ. സ്നേഹം കാണിച്ചവരോടു് പ്രതിസ്നേഹം കാണിക്കാൻ മാത്രമല്ല പിണങ്ങിയവരെ നോക്കി പ്പോലും സ്നേഹിക്കാം, ധനവാനായാലും ആരുപിയിൽ ഭാരിച്ച മുണ്ടെങ്കിൽ അവക്കു് നിതുസ്വരാഗും വാഗ്ദാനം ചെയ്യാനും മുതിർന്ന ക്രിസ്തുവിൽനിന്നു് മറിച്ചു് പ്രതീക്ഷിക്കുന്നതല്ലെ ലോകം.

ലോകനായും ലോകപ്രവൃത്തിയും ലോകരോടുകൊടു് ജയിച്ചവനായ ക്രിസ്തുനാഥനായും, അധികാരപ്രമത്തനായും, ഭീരുക്കാരിയായും, വിരുദ്ധപ്രതാപവാനായും, മർദ്ദകവീരനായും, കുടിയിരുക്കു് പ്രമാണിയേയും, പകിടിപ്പുവിരുതിയും, കൈക്കുച്ചി പ്രവീണനായും, അഴിമതിക്കോമരത്തേയും സകലരേയും തന്നിലേക്ക് മാടിവിളിക്കുന്നതു്. അവക്കെല്ലാം വിരിയുന്നതും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഉത്ഥാനം തന്നെയാണ്. ഉത്ഥാനത്തിന്റെ പ്രഭാവം ലോകത്തിൽ നിന്നു് ഒരിക്കലും മാഞ്ഞുപോകുന്നതല്ല. അതു് ലോകാവസാനംവരെ നിലനിൽക്കുമെന്നു് അദ്ദേഹം മൊഴിഞ്ഞതു്. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ സ്വന്തം ശരീരരക്തങ്ങളെ ഭോജനപാനീയങ്ങളായി നൽകി. എന്നു്! പൊന്തുഹാ വ്യാഴാഴ്ച അന്നാണ് വിശ്വാസത്തിന്റെ രഹസ്യവും സ്നേഹത്തിന്റെ ക്ലാശയും ആയ വി. കുർബാനയെ സ്ഥാപിച്ചതു് സഭയുടെ ജീവനം കർമ്മമാണ് വി. കുർബാന. അതുവഴി നാമകം പ്രാപിച്ചും; ആശ്വാസം കണ്ടെത്തും. ക്രിസ്തുനാഥനുമായി സ്നേഹത്തിന്റെ സംഖ്യം പുലർത്താം. ദൈവപുരുഷൻ തന്റെ മക്കൾക്കായി തുറന്നുകിയ മനോപതികയും പിതൃസ്വത്തുമാണതു്. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് ക്രിസ്തുവിനുമുമ്പുള്ള ലോകത്തിനു കാണിച്ചുകൊടുത്തതു്. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് ക്രിസ്തുവിനുശേഷമുള്ള ലോകത്തിനു കാണിച്ചുകൊടുത്ത

ഭാഷാ പ്രശ്നത്തിൽ ശാസ്ത്രീ ഖണ്ഡിതമായ തീരുമാനമൊന്നും എടുത്തിട്ടില്ല

ഇരുഭാഗത്തുനിന്നും സമ്മർദ്ദം ശക്തിപ്പെട്ടുവെന്നു്

ന്യൂഡെൽഹി, ഏ. 17

പ്രധാനമന്ത്രി ശാസ്ത്രിയും രാജ്യരക്ഷാ മന്ത്രി ചവാനുമായുള്ള മൂന്നു മണിക്കൂർ നീണ്ടുനിന്ന കൂടിക്കാഴ്ചകളെത്തുടർന്നു് ഇക്കഴിഞ്ഞ വെള്ളിയാഴ്ച കേന്ദ്ര കാബിനറ്റ് സമ്മേളനം അന്തിമതീരുമാനമൊന്നുമെടുക്കാതെ പിരിഞ്ഞു. ഇതു സംബന്ധിച്ചു് പ്രധാനമന്ത്രി ശാസ്ത്രിയുടെ വസതിയിൽ ഇന്നലെ രാവിലെ നടന്ന ഉന്നതതല കൂടിയാലോചനകളിലും ഖണ്ഡിതമായ തീരുമാനമൊന്നുമുണ്ടായില്ലെന്നു് അറിയുന്നു.

ഭാഷാപ്രശ്നത്തിൽ ഇരുഭാഗത്തുനിന്നും സമ്മർദ്ദം ശക്തിപ്പെട്ടുവരുന്നതായാണു് ഇതിൽനിന്നു് മനസ്സിലാകുന്നതു്. ഇന്നലെ രാവിലെ നടന്ന കൂടിയാലോചനകളിൽ പ്രധാനമന്ത്രിയുടെ കൂടെ ഉപപ്രധാനമന്ത്രി മൊറാർജി ദേശായിയും വിദേശകാര്യമന്ത്രി സ്വരൺസിങ്ങും പങ്കെടുത്തു. ഇന്നു രാവിലെ ഇവർ മൂന്നുപേരും വീണ്ടും കൂടിയാലോചനകൾ നടത്തുകയുണ്ടായി. ഇന്നു വൈകുന്നേരം ഗവർണ്ണർ ശ്രീ എ. പി. ജെയിൻ ഡെൽഹിയിൽ തിരിച്ചെത്തുന്നതോടെ ഈ കൂടിയാലോചനകൾ പുനരാരംഭിക്കുന്നതാണു്.

ഭാഷാപ്രശ്നത്തിൽ ഏതെങ്കിലും തീരുമാനമുണ്ടാക്കുന്നതിനു് ഇനിയും അതിലടങ്ങിയിട്ടുള്ള എല്ലാ ഭവിഷ്യത്തുകളെയും ക്രമപ്പെടുത്തേണ്ടതിന്റെ ആവശ്യമുണ്ടെന്നാണു് പ്രധാനമന്ത്രി ശാസ്ത്രിയുടെ ഇംഗ്ലീഷനുകൂലമായി ബന്ധപ്പെട്ട കേന്ദ്രങ്ങളും ചൂണ്ടിക്കാട്ടുന്നതു്. പക്ഷേ കൊല്ലക്കാലത്തേക്കു് ഇന്നത്തെ നില തുടരുകയെന്ന ആശയം പുനഃപരിശോധന ചെയ്യാൻ തയ്യാറായിട്ടുണ്ടെന്നതിന്റെ പിന്നിൽ പ്രതിരോധമന്ത്രി ചവാന്റെ ധീരവും ബുദ്ധിപൂർവ്വവുമായ നിലപാടു് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ടു്.

പൊതുതെരഞ്ഞെടുപ്പിനു് മുമ്പു് കഴിയുന്നിടത്തോളം പ്രശ്നങ്ങൾ കുരുക്കുകയെന്ന കാമരാജിന്റെയും ശാസ്ത്രിയുടേയും നയവും മഹാരാഷ്ട്രയുമായുള്ള ലയനം ഗോവൻ കോൺഗ്രസ്സിനെ കൂടുതൽ ശക്തമാക്കുമെന്നുള്ള നിഗമനവും ഗോവയുടെ ലയനത്തെ താരതമ്യപ്പെടുത്തുമെന്നാണു് കരുതപ്പെടുന്നതു്.

ഔദ്യോഗിക ഭാഷാപ്രശ്നം

ഔദ്യോഗിക ഭാഷാനിയമത്തിൽവരുത്തേണ്ട ഭേദഗതിയുടെ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം പ്രധാനമന്ത്രി ശാസ്ത്രി ഇന്നും തീരുമാനത്തിലെത്തിയിട്ടില്ലെന്നാണു് അറിയാൻ കഴിയുന്നതു്. വിവിധ രംഗങ്ങളിൽനിന്നുള്ള സമ്മർദ്ദത്തെ ശാന്തമായി അദ്ദേഹം ചെറുത്തുകൊണ്ടിരിക്കയാണു്. ശാസ്ത്രിയുടെ മൗനം തെക്കെ ഇൻഡ്യൻ നേതാക്കളെ മൊത്തത്തിൽ പൊടിപ്പിച്ചിരിക്കയാണു്. എത്രയുംവേഗം ഭേദഗതി പാർലിമെന്ററിൽ അവതരിപ്പിക്കാൻ കാമരാജും മറ്റും നിർബന്ധിക്കുമ്പോൾ ഭേദഗതിക്കെതിരായി ശബ്ദമുയർത്തുമെന്നും ആണത്രെ ചില ഹിന്ദിവാദികളും ഭീഷണിമുഴക്കുന്നതു്.

ദേശീയമായ ചിന്താഗതിയെക്കാളേറെ പ്രാദേശിക ചിന്തയാണു് ഭാഷാപ്രശ്നത്തിൽ പ്രകടമാക്കിക്കാണുന്നതു്. കഴിയുന്നതും ഏകകണ്ഠമായ തീരുമാനങ്ങളും കൈക്കൊള്ളുകയെന്നതാണു് ശാസ്ത്രിയുടെലക്ഷ്യം. ഭാഷയുടെ പേരിൽദേശീയ ഭദ്രത അപകടപ്പെടുത്താനാണുഭാവമെങ്കിൽ പകച്ചമായി ചിന്തിക്കാൻ ഇരുകക്ഷികളും തയ്യാറാകുന്നുവരെ ഈപ്രശ്നം നീട്ടിവയ്ക്കുകയെന്നതാണു് അദ്ദേഹത്തിന്റെ അഭിപ്രായമെന്നും വിശ്വസിക്കപ്പെടുന്നു.

....

നിര്യാതനായി

കണ്ടശ്ശാംകടവു്, ഏ. 17

മാറിയൻറ് ഇൻഷുറൻസ്, ബാങ്കിൽ ട്രഷറികാലം സേവനമനുഷ്ഠിച്ചിട്ടുള്ള വടക്കേത്തലപൂവത്തിങ്കൽ ഔസേപ്പ് വാ

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] തിരുവനന്തപുരം, ഏ. 17

ഗവർണ്ണർ ശ്രീ എ. പി. ജെയിൻ ഏപ്രിൽ 18-ാം തീയതി രാവിലെ എറണാകുളത്തിനു പോകുന്നതും അവിടെവച്ചു് ട്രേഡ് യൂണിയൻ പ്രതിനിധികളേയും തൊഴിലുടമാ പ്രതിനിധികളേയും കാണുന്നതുമാണു്. അടുത്തദിവസം രാവിലെ അദ്ദേഹം ഉദ്യോഗമണ്ഡലത്തെക്കു പോകും. ഡാവൻപോർട്ട്-കൊച്ചിൻ കെമിക്കൽസ്, ഇന്ത്യൻ റെയർ എർത്തസ്, കൊച്ചിൻ റിഫൈനറി സൈറ്റ് എന്നിവ സന്ദർശിച്ചിട്ടു് എറണാകുളത്തിനു തിരിച്ചുവരുന്ന ഗവർണ്ണർ ഉച്ചയ്ക്കുശേഷം ജില്ലാ ഉദ്യോഗസ്ഥന്മാരേയും, ജില്ലയിലെ മുനിസിപ്പാലിറ്റി ചെയർമാന്മാരേയും അന്യോദ്യോഗസ്ഥരെയും സന്ധിക്കുന്നതായിരിക്കും. ഏപ്രിൽ 20-ന- അദ്ദേഹം തണ്ണീർമുക്കം ബണ്ട് സന്ദർശിക്കുന്നതോടുകൂടി നാട്ടിലെ 'ആർ' ബ്ലോക്കു് പ്രദേശം പരിശോധിക്കുന്നതുമാണു്. അദ്ദേഹം അന്നു വൈകുന്നേരം തിരുവനന്തപുരത്തു തിരിച്ചെത്തും.

ഖാദിപ്രദർശനോൽഘാടനം

കേരളാ ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ ഹിന്ദിപ്രചാരസഭയുടെ ആസ്ഥാനത്തു് ഖാദിപ്രദർശനം പ്രധാനമന്ത്രി ശ്രീ ലാൽബഹദൂർ ശാസ്ത്രി ഏപ്രിൽ 18-ാം തീയതി രാവിലെ ഏറണാകുളത്തിനു പോകുന്നതും അവിടെവച്ചു് ട്രേഡ് യൂണിയൻ പ്രതിനിധികളേയും തൊഴിലുടമാ പ്രതിനിധികളേയും കാണുന്നതുമാണു്. അടുത്തദിവസം രാവിലെ അദ്ദേഹം ഉദ്യോഗമണ്ഡലത്തെക്കു പോകും. ഡാവൻപോർട്ട്-കൊച്ചിൻ കെമിക്കൽസ്, ഇന്ത്യൻ റെയർ എർത്തസ്, കൊച്ചിൻ റിഫൈനറി സൈറ്റ് എന്നിവ സന്ദർശിച്ചിട്ടു് എറണാകുളത്തിനു തിരിച്ചുവരുന്ന ഗവർണ്ണർ ഉച്ചയ്ക്കുശേഷം ജില്ലാ ഉദ്യോഗസ്ഥന്മാരേയും, ജില്ലയിലെ മുനിസിപ്പാലിറ്റി ചെയർമാന്മാരേയും അന്യോദ്യോഗസ്ഥരെയും സന്ധിക്കുന്നതായിരിക്കും. ഏപ്രിൽ 20-ന- അദ്ദേഹം തണ്ണീർമുക്കം ബണ്ട് സന്ദർശിക്കുന്നതോടുകൂടി നാട്ടിലെ 'ആർ' ബ്ലോക്കു് പ്രദേശം പരിശോധിക്കുന്നതുമാണു്. അദ്ദേഹം അന്നു വൈകുന്നേരം തിരുവനന്തപുരത്തു തിരിച്ചെത്തും.

ഹിന്ദി പ്രചാരക ട്രെയിനിംഗ്

ദക്ഷിണഭാരത ഹിന്ദിപ്രചാരസഭ നടത്തുന്ന പ്രചാരക ട്രെയിനിംഗ് വിദ്യാലയത്തിൽ ചേരണമെന്നാഗ്രഹിക്കുന്ന ഹൈദരാബാദ് ഹിന്ദി പ്രചാരസഭയുടെ വിദ്വാൻ ബിരുദധാരികൾക്കും അമ്പു് രൂപ എക്സംഷൻ ഫീസ് അടച്ചു് അപേക്ഷിക്കാവുന്നതാണെന്നു് ഹിന്ദി പ്രചാരപരിഷത് സെക്രട്ടറി പി. ജി. വാസുദേവ് അറിയിക്കുന്നു. എന്നുതന്നെയല്ല ഹൈദരാബാദ് ഹിന്ദി പ്രചാരസഭയുടെ വിദ്വാൻ പരീക്ഷ പാസ്സായിട്ടില്ലാത്തവർക്കു് കേന്ദ്രസർക്കാർ നടത്തുന്ന ആഗ്രാ ടെയിനിംഗ് സെൻറർ പരീക്ഷ പാസ്സാകുന്നതിനുവേണ്ടി ഞാൻ പണം തരികയില്ല."

മിസ് ബേസ് 63 മുതൽ തന്റെ ആദായനികുതി വിഹിതത്തിൽ 40 ശതമാനം മാത്രമാണു് സ്വയമായി കൊടുക്കുക. ശേഷിക്കുന്ന 60 ശതമാനത്തിനു് കൊല്ലന്തോറും ആദായനികുതി വകുപ്പുകാർ അവരുടെ എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളും ജപ്തിചെയ്യുവരുന്നു. ഇങ്ങിനെ കഴിഞ്ഞ രണ്ടുകൊല്ലം ജപ്തിചെയ്ത വകയിൽ അവർ ആദായനികുതിക്ക പുറമേ മിസ് ബേസിന്റെ വകയായി 58000 ഡോളർ പിഴയും ഈടാക്കിയിട്ടുണ്ടു്. (എ. പി)

"ഭ്രാന്തിയാവാൻ എനിക്കു വയ്യ"

സാൻഫ്രാൻസിസ്കോ, ഏ. 16

ജോവാൻ ബേസ് എന്ന അമേരിക്കൻ ഗായിക അമേരിക്കൻ ആദായനികുതിവകുപ്പിനു് തനിക്കു മുമ്പത്തപ്പെട്ട ആദായനികുതിയുടെ 40 ശതമാനം മാത്രം അയച്ചുകൊടുക്കുകയും ശേഷിക്കുന്ന ഭാഗം ഒരു കാരണവശാലും താൻ തരികയില്ലെന്നു് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. ഈ ആദായ നികുതിയിൽ 60 ശതമാനവും യുദ്ധക്കോപ്പുനിർമ്മാണത്തിനും യുദ്ധപരമായ മാർഗ്ഗകൃത്യങ്ങൾക്കുമാണു ചെലവഴിക്കുന്നതെന്നും ഭ്രാന്തമായ ഹൈരോബാക്ക് ഹിന്ദി പ്രചാരസഭയുടെ വിദ്വാൻ ബിരുദധാരികൾക്കും അമ്പു് രൂപ എക്സംഷൻ ഫീസ് അടച്ചു് അപേക്ഷിക്കാവുന്നതാണെന്നു് ഹിന്ദി പ്രചാരപരിഷത് സെക്രട്ടറി പി. ജി. വാസുദേവ് അറിയിക്കുന്നു. എന്നുതന്നെയല്ല ഹൈദരാബാദ് ഹിന്ദി പ്രചാരസഭയുടെ വിദ്വാൻ പരീക്ഷ പാസ്സായിട്ടില്ലാത്തവർക്കു് കേന്ദ്രസർക്കാർ നടത്തുന്ന ആഗ്രാ ടെയിനിംഗ് സെൻറർ പരീക്ഷ പാസ്സാകുന്നതിനുവേണ്ടി ഞാൻ പണം തരികയില്ല."

മിസ് ബേസ് 63 മുതൽ തന്റെ ആദായനികുതി വിഹിതത്തിൽ 40 ശതമാനം മാത്രമാണു് സ്വയമായി കൊടുക്കുക. ശേഷിക്കുന്ന 60 ശതമാനത്തിനു് കൊല്ലന്തോറും ആദായനികുതി വകുപ്പുകാർ അവരുടെ എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളും ജപ്തിചെയ്തുവരുന്നു. ഇങ്ങിനെ കഴിഞ്ഞ രണ്ടുകൊല്ലം ജപ്തിചെയ്ത വകയിൽ അവർ ആദായനികുതിക്ക പുറമേ മിസ് ബേസിന്റെ വകയായി 58000 ഡോളർ പിഴയും ഈടാക്കിയിട്ടുണ്ടു്. (എ. പി)

പ്രൊട്ടോടൈപ്പ് പ്രൊഡക്ഷൻ ആൻറ് ടെയിനിങ്ങ് സെൻറർ കേരളത്തിലാരംഭിക്കണം

ഗവണ്മെൻറ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ നിവേദനം

[സ്വ. ലേ] കൊച്ചി, ഏപ്രിൽ 17

വെസ്റ്റ് ജർമ്മൻ ഗവണ്മെൻറിന്റെ സഹകരണത്തോടെ ഇന്ത്യയിൽ ആരംഭിക്കുവാൻ പോകുന്നതു്, ഇന്ത്യയിൽ 4-ാമത്തേതുമായ പ്രൊട്ടോടൈപ്പ് പ്രൊഡക്ഷൻ ആൻറ് ടൈനിങ്ങ് സെൻറർ കേരളത്തിലാരംഭിക്കുന്നതിനു് ആവശ്യമായ സമ്മർദ്ദനങ്ങളും കേന്ദ്രഗവണ്മെൻറിൽ ചെലുത്തണമെന്നു് അഭ്യർത്ഥിക്കുന്ന ഒരു മെമ്മോറാണ്ടം, കേരളാ സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ പ്രസിഡണ്ടു് മി. എൽ. ഡി. കിളിക്കാർ കേരളാ ഗവണ്മെൻറ് എ. പി. ജെയിനിനു് നല്കിയിരിക്കുന്നു.

ഇന്ത്യയിൽ ആരംഭിക്കുന്ന 4-ാമത്തെ സെൻറർ ആയിരിക്കുമിതു്. ഇപ്പോൾ ഡെൽഹി, കല്ക്കട്ട, രാജകോട്ട് എന്നിവിടങ്ങളിലാണു് ഇതു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്.

വിദ്യാസമ്പന്നരാലും, സാങ്കേതിക വിദഗ്ധന്മാരാലും, തൊഴിലില്ലാത്തവരാലും നിറയപ്പെട്ട കേരളത്തിൽ ഈ സെൻറർ ആരംഭിക്കണമെന്നു കേന്ദ്രത്തോടു് പറയുന്നതു് ഏറ്റവും, മിതവും ന്യായവുമായ ഒരാവശ്യം മാത്രമാണെന്നു് മെമ്മോറാണ്ടത്തിൽ എടുത്തുപറയുന്നുണ്ടു്.

മൈസൂർ സംസ്ഥാനം ഇതു് കരസ്ഥമാക്കുവാൻ ശ്രമം ആരംഭിച്ച കഴിഞ്ഞ വിവരവും മെമ്മോറാണ്ടത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഗവണ്മെൻറ്കയച്ച മെമ്മോറാണ്ടത്തിന്റെ കോപ്പി കേരളത്തിൽനിന്നുള്ള പാർലിമെൻറ് മെമ്പർമാർക്കും അയച്ചുകൊടുത്തിട്ടുണ്ടു്. എന്നുള്ള വിവരം മി കിളിക്കാർ വെളിപ്പെടുത്തി.

....

കാത്തലിക്കു് ലേബർ അസോസിയേഷൻ സെമിനാർ

പുത്തൂർ, ഏ. 17

തൃശ്ശൂർ രൂപത കാത്തലിക്കു് ലേബർ അസോസിയേഷൻ പുത്തൂർ ശാഖയുടെ ആഭിമുഖ്യത്തിൽ ഒരു സ്റ്റഡീസെമിനാർ നടത്തുകയുണ്ടായി. റവ. ഫാ. ജോജ്ജ് കുനാൻ സ്വാഗതംപറഞ്ഞു. സി. എൽ. എ. ലക്ഷ്യങ്ങളും കർമ്മപരിപാടികളും തൊഴിലാളി ഭവനനിർമ്മാണപദ്ധതി എന്നിവിഷയങ്ങളും അവതരിപ്പിച്ചുകൊണ്ടു് ശ്രീ പതാ ഡയറക്ടർ റവ. ഫാ. ആൻറണി ഇരുമ്പൻ, ജനറൽ സെക്രട്ടറി പോൾ പൊറ്റൂർ എന്നിവർ പ്രസംഗിച്ചു. ശാഖാപ്രസിഡണ്ടു് എം. എൽ. ഡോസി നന്ദി രേഖപ്പെടുത്തി സെമിനാറിൽ നൂറോളം തൊഴിലാളികളും പങ്കെടുത്തിരുന്നു.

ദുഃഖവെള്ളിയാഴ്ച ആചരണം

പാവറട്ടി, ഏ 17

ദുഃഖവെള്ളിയാഴ്ച പ്രമാണിച്ചു് പാവറട്ടിയിൽ ഇടവകപ്പള്ളിയിൽ 'നഗരികാണിക്കൽ' നടത്തപ്പെട്ടു. ആയിരക്കണക്കിനാളുകൾ ആചടങ്ങിൽ സംബന്ധിക്കുകയുണ്ടായി. പ്രസംഗം തുടങ്ങിയ പരിപാടികളുമുണ്ടായിരുന്നു.

എരനെല്ലൂരിൽ

എരനെല്ലൂരിൽവെച്ചു് ദുഃഖവെള്ളിയാഴ്ച ദിനത്തിൽ പരിഹാരജാഥയും കുരിശിന്റെ വഴിയും നടത്തപ്പെട്ടു. സമീപ ഇടവകകളിൽ ഭക്തജനങ്ങളും പരിഹാരജാഥയായി വന്നു് ഈ ചടങ്ങിൽ സംബന്ധിച്ചു.

മുണ്ടൂരിൽ

മുണ്ടൂരിലും ദുഃഖവെള്ളിയാഴ്ച ദിവസം ടൗണിൽ കുരിശിൻറെ വഴി നടത്തപ്പെടുകയുണ്ടായി. ധാരാളം ഭക്തജനങ്ങളും ഈ ചടങ്ങിൽ സംബന്ധിച്ചു.

കണ്ടശ്ശാംകടവിൽ

ദുഃഖവെള്ളി പ്രമാണിച്ചു് കണ്ടശ്ശാംകടവ് ഫൊറോനാ പള്ളിയിൽ 'നഗരികാണിക്കൽ' നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ തടിച്ചുകൂടിയ ജനങ്ങളോടു് ബ്രദർ ജോജ്ജ് മേച്ചേരി പ്രസംഗിച്ചു.

ആളൂരിൽ

ദുഃഖവെള്ളി പ്രമാണിച്ചു് സ്ഥലം പള്ളിയിൽനിന്നും റവ: ഫാ: ജെയിക്കബ്ബു് വഴക്കുട്ടിന്റെ മേൽനോട്ടത്തിൽ നൂറുകണക്കിനു് ഭക്തജനങ്ങളും ഒരു കയ്യിൽ മരക്കുരിശും മറുകയ്യിൽ ജപമാലയുമേന്തി പലിപ്പാറക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള കുരിശിന്റെ അടുക്കലേക്കു് കുസൃവീന്റെ തിരുപീഡാനുഭവാഹ്വാനം ദുഃഖഗാനങ്ങളും ആലപിച്ചും ഒരു വിലാപയാത്ര നടത്തുകയുണ്ടായി. വിലാപയാത്ര അവിടെ എത്തിച്ചേർന്നപ്പോൾ അവിടെ കൂടിയിരുന്ന വിവിധ ജാതിമതസ്ഥരായവചിയൊരു ജനാവലിയെ അഭിസംബോധനചെയ്തു് റവ: ഫാ: വർഗ്ഗീസ് പ്ലാശ്ശേരി സാരഗർഭവും പ്രൌഢഗംഭീരവുമായൊരു പ്രഭാഷണം നടത്തുകയുണ്ടായി.

കാർഷികവായ്പകൾ പ്രയോജനപ്പെടുത്തുക

പുത്തൻവേലിക്കര ഏപ്രിൽ 17

ജോസഫ് മൂത്തേലി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽഇങ്ങനെ പറയുന്നു: തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങൾ ലയിച്ചതിനുശേഷം ആദ്യമായി നടക്കുന്ന എറണാകുളം ജില്ലയിൽ ഇക്കൊല്ലം വായ്പക്കാലം, കുമ്പളങ്ങി, വടവുകോട്, പാറക്കടവു് എന്നീ ബ്ലോക്കുകളിൽ ഏതാനും കൊല്ലങ്ങൾക്കുമുമ്പു് ആരംഭിച്ച കാർഷികവികസനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു് ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്നുള്ളതാണു് ഇതിന്റെ ലക്ഷ്യം. കൃഷിക്കാർക്കു് കൂടുതൽ വായ്പാസൌകര്യങ്ങളും ലഭിക്കാൻ സാദ്ധ്യതകളുമുണ്ടു്. നെല്ലു്, തെങ്ങു്, കപ്പ എന്നീ കൃഷികൾക്കാണു് ഈ പ്രോത്സാഹനങ്ങളുള്ളതു്.

ഒരേക്കർ നിലത്തിൽ ഒരു പൂ കൃഷിയിറക്കുന്നതിനു് 150 ക. വായ്പ ലഭിക്കുന്നതാണു്. മൂന്നര കൃഷിയിറക്കാൻ സാധിക്കുന്ന കൃഷിക്കാരനു് ഒരു കൊല്ലത്തിൽ ഒരേക്കർ നിലത്തിലേക്കു് 450 ക. വായ്പയായികിട്ടും. ഇങ്ങനെ തെങ്ങിനുമേലുള്ള കൃഷിക്കാക്കു് തെങ്ങൊന്നിനു് 5 രൂപ എന്ന ക്രമത്തിൽ വായ്പ ലഭിക്കും. മരച്ചീനിക്കൃഷിക്കു് ഏക്കർ ഒന്നിനു് 150 ക. എന്ന ക്രമത്തിൽവായ്പ കിട്ടുന്നതാണു്. ഈ വായ്പകൾ ഒരു ഭാഗം വളമായും ബാക്കി റൊക്കം പണമായും കൃഷിക്കാക്കുകിട്ടുന്നതാണു്.

നെല്ലിനും, മരച്ചീനിക്കും കിട്ടുന്നവായ്പ അതാതു വിളയെടുപ്പിനശേഷവും; തെങ്ങു കൃഷിയുള്ളതു് രണ്ടു കൊല്ലത്തിനുശേഷം ആറുകാൽ ശതമാനം പലിശയോടുകൂടി തിരിച്ചടക്കേണ്ടതാണു്.

സഹ്യാസ് സൊസൈറ്റികൾ മുഖാന്തിരമാണു് ഈ വായ്പ എപ്പാട്ടുകൊടുക്കുക. അതുകൊണ്ടു് എല്ലാ കർഷകരും സഹ്യാസ് സൊസൈറ്റികളിൽ മെമ്പർമാരായി മാറേണ്ടതു് ആവശ്യമാണു്.

ഭക്ഷ്യക്ഷാമം അതിന്റെ എല്ലാരൂക്ഷതകളോടുംകൂടി പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ പ്രത്യേകത പരിതസ്ഥിതിയിൽ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാൻ രാജ്യസ്നേഹികളായ കൃഷിക്കാർ കടപ്പെട്ടിരിക്കുന്നു. വായ്പാസൌകര്യങ്ങൾപ്പെടെ സർക്കാരിൽ നിന്നു ലഭിക്കാവുന്ന പ്രോത്സാഹനങ്ങളും പരമാവധി പ്രയോജനപ്പെടുത്താൻ കൃഷിക്കാർ സംഘടിതമായി മുന്നോട്ടുവരേണ്ടിയിരിക്കുന്നു.

"മാധവ" ബാലപീയൂഷം

എല്ലാ ബാലരോഗങ്ങളിൽനിന്നും പരിരക്ഷ നൽകി കണ്ണഞ്ചങ്കുക്ക് ആരോഗ്യവും തേജസ്സും ശരീപുഷ്ടിയും നൽകുന്ന ഉത്തമ ടോണിക്ക്

16ഔ. 3ക. 50ന.പ. 8ഔ. 2ക.

"മാധവ" ബാലജീവനം

ശിരുക്കൾക്ക് സുഖശോധനയ്ക്കും രക്തശുദ്ധിക്കും ബിന്ദുമാത്രയിൽ കൊടുക്കാനുള്ളതു്.

അര ഔ. 60പൈ.

എല്ലാ പ്രധാന മരുന്നശാലകളിൽനിന്നും ലഭിക്കുന്നു.

മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ്,

H. O. എറണാകുളം Phone: 238.

ഗവേണിങ്ങ് ഡയറക്ടർ: പൊതിയിൽ നാരായണൻ വൈദ്യൻ

ഗണപതിക്കു വച്ചതു് കാക്ക കൊണ്ടുപോകുന്നു

ഫൈറോ കെമിക്കൽസിനു് അകപ്പറമ്പു് ചെയ്ത സ്ഥലത്തു് പഴം പച്ചക്കറിത്തോട്ടം

എറണാകുളം, ഏ. 17

കേരളത്തിനു് ലഭിക്കുമെന്നു വിശ്വസിച്ചിരുന്ന ഫൈറോ കെമിക്കൽസ് നഷ്ടപ്പെട്ടതിനെത്തുടർന്നു് തൽസ്ഥാനത്തു് ഒരു പഴത്തോട്ടം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കയാണെന്നു റിപ്പോർട്ടു് ചെയ്യപ്പെടുന്നു.

നിരവധിപേക്കു് ജോലി കിട്ടാൻ സാദ്ധ്യതയുണ്ടായിരുന്ന ഇതിന്റെ നിർമ്മാണത്തിനു് 180 ഏക്കർ സ്ഥലം നേര്യമംഗലത്തു് അകപ്പറമ്പു് ചെയ്തിരുന്നതാണു്. ഇപ്പോഠം അതു നഷ്ടപ്പെട്ടതിനെ തുടർന്നുള്ള പുതിയ വാർഡിന്റെ പണി തുടങ്ങിത്തിനേയും ഇസ്റ്റർ പ്രമാണിച്ചു് ഇപ്പോഴുള്ള ഡോക്ടർ അവധിയിൽ പോകുമ്പോഠം പകരം ആളെ നിയമിക്കേണ്ടതിനേപ്പറ്റിയും ഇന്നു് ഗ്രാമസേവാസംഘം പ്രസിഡണ്ടു് എ. സി. രപ്പായി ജില്ലാ മെഡിക്കൽ കാഫ്സറെ കണ്ടു് ഒരു നിവേദനം നടത്തുകയുണ്ടായി തുടനെ വേണ്ടതു് ചെയ്യുന്നതാണെന്നു് മെഡിക്കൽ കാഫ്സർ മറുപടി പറഞ്ഞതായുമറിയുന്നു.

തീവണ്ടിപ്പുക വീടു് കത്തിച്ചു

തൃശ്ശൂർ, ഏ. 17

പടിഞ്ഞാറെ കോട്ടയിലുള്ള കുറുവത്തു് കൃഷ്ണനെന്നാളുടെ പുര അഗ്നിക്കിരയായിരിക്കുന്നു. കത്തിയടനെ ഫയർ സ്റ്റേഷുകാർ പാഞ്ഞു് എത്തിയതിനാൽ പുര മുഴുവനും കത്തിനശിച്ചില്ല. അപകടമായൊന്നും ഉണ്ടായില്ല തീവണ്ടിയിൽനിന്നും തീപ്പൊരി പാറ്റവന്നിട്ടാണു് പുര കത്തിയതെന്നു് സംശയിക്കപ്പെടുന്നു.

ജില്ലാ മെഡിക്കൽ ആഫീസ്സർക്കു് നിവേദനം

(സ്വ. ലേ.) ആളൂർ, ഏ. 17

ഇവിടത്തെ പ്രൈമറി ഹെൽത്തു് സെൻററിലെ ലേഡി ഡോക്ടറെ സ്ഥലം മാറ്റിയിട്ടു് പകരം ആളെ നിയമിക്കുന്നതിനേയും രോഗികളെ കിടത്തുവാനുള്ള പുതിയ വാർഡിന്റെ പണി തുടങ്ങുന്നതിനേയും ഇസ്റ്റർ പ്രമാണിച്ചു് ഇപ്പോഴുള്ള ഡോക്ടർ അവധിയിൽ പോകുമ്പോഠം പകരം ആളെ നിയമിക്കേണ്ടതിനേപ്പറ്റിയും ഇന്നു് ഗ്രാമസേവാസംഘം പ്രസിഡണ്ടു് എ. സി. രപ്പായി ജില്ലാ മെഡിക്കൽ കാഫ്സറെ കണ്ടു് ഒരു നിവേദനം നടത്തുകയുണ്ടായി തുടനെ വേണ്ടതു് ചെയ്യുന്നതാണെന്നു് മെഡിക്കൽ കാഫ്സർ മറുപടി പറഞ്ഞതായുമറിയുന്നു.

നിയമസാധുതയുള്ള ഏക വ്യവസ്ഥ മെടിക്കു് വ്യവസ്ഥ

നിയമസാധുതയുള്ള ഏകവ്യവസ്ഥ മെടിക്കു് വ്യവസ്ഥ

നിയമസാധുതയുള്ള ഏക വ്യവസ്ഥ മെടിക്കു് വ്യവസ്ഥ

കിലോഗ്രാമിൽ



മീറ്ററിൽ



ലിറ്ററിൽ



മാത്രം വാങ്ങുവിൻ

DA 64/676



DA/59/405

5 മന്നു് 50 മന്നായി....

ഷേക്കു് അബ്ദുൾഗഫാറും അയാളുടെ 5 സഹോദരന്മാരും കൃഷി ചെയ്യുന്ന നിലത്തിൽ ഏക്കറൊന്നിനുണ്ടായ വിളവു വർദ്ധനയുടെ കണക്കാണതു്. അവരുടെ വിജയരഹസ്യം സംയുക്ത കൃഷിയും ആധുനിക കൃഷി രീതികളുമത്രെ.

ബീഹാറിൽ വാട്ടുഗഞ്ജു് ഗ്രാമത്തിലുള്ള ഈ കർഷകർ ആധുനിക രീതികളും, മെച്ചമായ വിത്തും, വേണ്ടത്ര രാസവളവും ഉപയോഗിച്ചു കൃഷി ചെയ്യുന്നതിൽ മുൻ കയ്യെടുത്തു. തങ്ങളുടെ 45 ഏക്കർ സ്ഥലത്തു അവർ ഒത്തുചേർന്നു കൃഷി നടത്തുകയും, പുതിയ ഉപകരണങ്ങളും, സമ്പ്രദായങ്ങളും നടപ്പിൽ വരുത്തുകയും ചെയ്തു. ഇതെല്ലാം അവരുടെ സ്വന്തം പ്രയത്നം കൊണ്ടാണു സാധിച്ചതു്.

അതിന്റെ ഫലമോ? മുമ്പു് ഏക്കറൊന്നിനു ശരാശരി 5 മന്നായിരുന്ന വിളവു് 50 മന്നായി വർദ്ധിച്ചു.

നിങ്ങളുടെ നിലത്തിലും വിളവു വർദ്ധിപ്പിക്കാം. ആധുനിക കൃഷി രീതികൾ സ്വീകരിക്കുക—വിളവു വർദ്ധിപ്പിക്കുകയും കൃഷ്യം സുഖമാവുകയും ചെയ്യും.

പദ്ധതിയെ സഹായിച്ച് ഉൽക്കർഷം പ്രാപിക്കുക

ചൈനീസ് ആക്രമണത്തിൽ സംശയിച്ച മന്ത്രി പരസ്യമായി മാപ്പപറഞ്ഞു

(പി. ടി. ഐ) ജയപ്പൂർ, ഏപ്രിൽ 17

1962 ഒക്ടോബർ 20_ാംനു- ഇന്ത്യയുടെ നേരെയുണ്ടായ ചൈനീസ് ആക്രമണത്തെ സംബന്ധിച്ച് രാജസ്ഥാൻ നിയമസഭയിൽ താൻ പ്രകടിപ്പിച്ച അഭിപ്രായത്തിനു ധനകാര്യമന്ത്രി ബാല കൃഷ്ണകോഠ നിയമസഭയിൽ പരസ്യമായി ഇന്നലെ മാപ്പപേക്ഷിച്ചു.

മന്ത്രിയെകൊണ്ട് മാപ്പപേക്ഷിപ്പിക്കുവാൻ സഭയിൽ ഒരു വലിയ ബഹളം തന്നെ വേണ്ടിവന്നു.

'അതൊരു ആക്രമണമായൊ, എന്തോ, സംശയമാണ്.' ഇതായിരുന്നു മന്ത്രി പ്രകടിപ്പിച്ച അഭിപ്രായം. അതിന്നാണ് ഇപ്പോൾ മാപ്പ് പോദിച്ചതും.

നേരെ ചൊവ്വേ മാപ്പപറയുവാൻ ആദ്യം വിസമ്മതിച്ച മന്ത്രിയോട് കലവാ കൂടാതെ സഭയോട് മാപ്പപേക്ഷിക്കുവാൻ സഭാധ്യക്ഷ റാണി ലക്ഷ്മി കുമാരി ആവശ്യപ്പെട്ടു. ഇതൊരു ദേശീയ പ്രശ്നമാണെന്നും അവർ പറഞ്ഞു.

ഒക്ടോബർ 20_ാംനു- ചൈന ഇന്ത്യയെ ആക്രമിച്ചുവെന്നും, മന്ത്രി മാറി തരത്തിലുള്ള ഒരഭിപ്രായം പ്രകടിപ്പിച്ചുവെന്നതു് ശരിയാണെങ്കിൽ മാപ്പപേക്ഷിക്കണമെന്നും സഭാനേതാവു് സുഖാദിയ പ്രസ്താവിച്ചു.

ഈ മന്ത്രിയെ മന്ത്രിസഭയിൽനിന്നു പുറത്താക്കണമെന്ന ചില പ്രതിപക്ഷ അംഗങ്ങൾ ആവശ്യപ്പെട്ടു. മറെ ചിലർ പറഞ്ഞതു് മന്ത്രിയെ ജയിലിൽ അക്കണമെന്നാണ്. ഇതുയുമായപ്പോൾ മന്ത്രി മാപ്പപേക്ഷിച്ചു.

ബാന്ദുങ്ങിന്റെ പത്താം വാർഷികം

പ്രതിനിധിസംഘങ്ങൾ എത്തി

(എ എഫ് പി) ജക്കാർത്ത, ഏ 17

ബന്ദുങ്ങ്സമ്മേളനത്തിന്റെ പത്താം വാർഷികാഘോഷങ്ങളിൽ പങ്ക് കൊള്ളുന്നതിനു് ആഫ്രൊ–ഏഷ്യൻ രാഷ്ട്രങ്ങളിൽ നിന്നു് വിശിഷ്ടാതിഥികൾ ഇവിടെ എത്തിയിട്ടുണ്ടു്.

പാക് വിദേശകാര്യമന്ത്രി ഭുട്ടോ, താനു് വിദേശകാര്യമന്ത്രി താനുഅു് കോമൻ, നേപ്പാളിലെ ബ്രിക്ഷരാജകുമാരൻ, നേപ്പാൾ വിദേശകാര്യമന്ത്രി കീർത്തിനിധി ബിസ്ട്ട, ലൈബീരിയൻ വൈസ് പ്രസിഡണ്ടു് വല്യം തോംബെട്ട്, ടുണീഷ്യൻ സ്റ്റെയിറ് മന്ത്രി മോങ്ങിസ്ളീം, ഇന്ത്യൻ ഭക്ഷ്യ–കൃഷിമന്ത്രി സുബ്രഹ്മണ്യം, സിറിയൻ വിദ്യാഭ്യാസ മന്ത്രി ഡോക്ടർ മുസ്തഫാ, ഫിലിപ്പൈൻസ് ചീഫ് ജസ്റ്റിസു് സെൻസോൺഎന്നിവർ ഇവിടെ എത്തിച്ചേർന്നവരിൽ ഉൾപ്പെടുന്നു.

ഇന്തോനേഷ്യൻ വിദേശകാര്യമന്ത്രി ഡോക്ടർ സുബാർഡ്രിയൊ ഇവരെ വിമാനത്തിവളത്തിൽവച്ച് സ്വീകരിച്ചു. പ്രതിനിധിസംഘങ്ങളുടെ തലവന്മാക്ക് "ഹോട്ടൽ ഇന്തോനേഷ്യ' യിൽവച്ച് പ്രസിഡണ്ടു് സുക്കാർണ്ണൊ ഇന്നു് രാത്രി ഒരു വിരുന്നു് നൽകുന്നുണ്ടു്.

—

ജമാ അത് ഫെഡറേഷനു് രാഷ്ട്രീയം പാടില്ല

(സ്വ ലേ) മട്ടാഞ്ചേരി ഏ. 17

കേരളത്തിലെ മുസ്ളീമീങ്ങളെ ഒരു പൊതുവേദിയിൽ അണിനിരത്താനുള്ള ആഗ്രഹത്തെ മുൻനിറത്തി കേരള മുസ്ളീം ജമാ അത്തു് ഫെഡറേഷന്റെ സംസ്ഥാനസംഘാടകനായ കെ. എച്ച്. സുലൈമാൻ നടുവത്തുൽ മുജാഹിദീൻ ഹാജിന് വിളിച്ചുകൂട്ടിയ മുസ്ളീം സുഹൃൽ സമ്മേളനത്തിൽ ജ: പി. എം. മായിൻകുട്ടി അദ്ധ്യക്ഷ വഹിച്ചു. ജ: പി. എ. സൈയ്തുമുഹമ്മദ് സ്വാഗതപ്രസംഗം ചെയ്തു. ജ: കെ. എച്ച്, സുലൈമാൻ മുസൽമാനു് ഒരു പൊതുവേദി ഉണ്ടാവേണ്ടതിന്റെ ആവശ്യകതയെ ഉന്നി പ്രസംഗിച്ചു. പി. എ. സൈയ്നുദീൻ, എ. എ. കൊച്ചുണ്ണി എന്നിവർ പ്രസംഗിച്ചു.

സൈയ്നുദീൻ ഉൾപ്പെടെ നിരവധി അംഗങ്ങൾ പ്രസ്തുത സംഘടനയുടെ തലപ്പത്തിരിക്കുന്നവർ രാഷ്ട്രീയപ്രവർത്തനത്തിൽനിന്നു മാറിനിന്നാലേ ആ സംഘടനയെപ്പറ്റി ജനങ്ങളിൽ മതിപ്പും വിശ്വാസവും ഉണ്ടാവുകയുള്ള എന്നു് അഭ്യപ്പെട്ടു. ചുരുക്കം ചിലർ മാത്രം ആ അഭിപ്രായത്തെ എതിർത്തു.

രാത്രി രണ്ടു മണിവരെ ചച്ചകം നടന്നതിനശേഷമാണ് യോഗം സമാപിച്ചതു്. ഫെഡറേഷൻ നേതാക്കാം രാഷ്ട്രീയത്തിൽനിന്നു മാറിനിൽക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം മുനിസിപ്പൽ കൌൺസിലർ കെ. എം. ഹംസ അവതരിപ്പിച്ചതു് യോഗം അംഗീകരിച്ചു.

....

മാപ്പിള കലോത്സവം

(സ്വ ലേ) മട്ടാഞ്ചേരി, ഏ. 17

കേരളത്തിലെ മുസ്ളീം കലകളുടെ അവതരണോൽഘാടനം വലിയ പെരുന്നാൾ രണ്ടിന്നു് മട്ടാഞ്ചേരിമൂജാഹിദീൻ ഗ്രൗണ്ടിൽ ജ: കെ. എച്ച്. സുലൈമാന്റെ അദ്ധ്യക്ഷതയിൽ ചേന്ന യോഗത്തിൽ വെച്ചു് പി. എ. സൈയ്നു് മാനദ്ദം നിച്ചിരിച്ചിരിക്കുന്നു. എൻ. കെ. എ. ലത്തീഫ് സ്വാഗതം ആശംസിച്ചു. തുടന്നു്, നശീദ, മാപ്പിള ഗാനങ്ങൾ, മാപ്പിള നൃത്തങ്ങൾ, കൈമുട്ടുകളി, കവകരച്ചാ, മണിയാറപ്പൂക്കൽ, മാപ്പിള സമൂഹഗാനം, കോൽകളി, അറബനമുട്ട, പള്ളിക്കെട്ടു്, മാപ്പിളപാട്ടുകൾ, കൈസ്പാട്ടു്, തലോലപാട്ടു്, എന്നീ പരിപാടികൾ നടത്തപ്പെടുകയുണ്ടായി. ഇക്കൊല്ലം കൊച്ചി പട്ടണത്തിന്റെ ചരിത്രത്തിൽ ആദ്യമാണീക ലോത്സവം. സമ്മാനദാനകർമ്മം നിവ്വഹിച്ചതു് കെ. മഹമ്മദാലിയാണ്.

.....

അരയും തലയും മുറുക്കി രംഗത്തിറങ്ങുക

രാഷ്ട്രം ഇരട്ടഭീഷണിയെ നേരിടുകയാണെന്നു് ആഭ്യന്തരമന്ത്രി നന്ദ

ആറാ (ബീഹാർ) ഏ. 17

നമ്മുടെ അതിർത്തികൾ ചീനയിൽനിന്നും പാകിസ്ഥാനിൽനിന്നും ഒരു ഇരട്ടഭീഷണിയെ നേരിടുകയാണെന്നും മൈനികമായും രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹ്യമായും അതിനെ നേരിടാൻ നാം തയ്യാറായിരിക്കണമെന്നും ആഭ്യന്തരമന്ത്രി നന്ദ ഇന്നലെ ഇവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

ബീഹാർ സംസ്ഥാന ഭാരത് സേവക് സമാജിന്റെ അഞ്ചാം സമ്മേളനം, ഉൽഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. സംഗതികം പർവ്വതീകരിക്കുകയോ ലഘൂകരിക്കുകയോ അല്ല താൻ ചെയ്യുന്നതെന്നു് നന്ദ പറഞ്ഞു. നഗ്നസത്യമാണതു്. നിരവധി ത്യാഗങ്ങൾം സഹിച്ചു് കരഗതമായ സ്വാതന്ത്ര്യംസംരക്ഷിക്കാൻ ഗവണ്മെന്റിനോടൊപ്പം ജനങ്ങളും അരയും തലയും മുറുക്കി തയ്യാറെടുക്കണം.

പാക് ഭീഷണിക്ക വിധേയമായിരിക്കുന്ന കച്ച് പ്രദേശം താൻ സന്ദർശിക്കുകയുണ്ടായെന്നും അപകടം നേരിൽ മനസ്സിലാക്കിയെന്നും നന്ദ പറഞ്ഞു.

കച്ച് അതിത്തിയിൽ പോസ്റ്റ്ചെയ്തിട്ടുള്ള കേന്ദ്ര റിസർവ്വ പോലീസിന്റെ ധീരോദാത്തതനേയും ത്യാഗതേയും അദ്ദേഹം പ്രശംസിച്ചു. അതിത്തിയിലെ ഈ അപകടം ഒറ്റപ്പെട്ട ഒരു സംഭവമല്ല. നമ്മുടെ സ്വാതന്ത്ര്യത്തിനുനേരെയുള്ള ഒരു ഭീഷണിയാണിതു്. ജനങ്ങളും ഈ വെല്ലുവിളി ഏറെറടുക്കണം. വയലുകളിലും ഫാക്ടറികളിലും അവർ സുസംഘടിതരായും സുശിക്ഷിതരായും മുന്നോട്ട് നീങ്ങണം.— പടക്കളത്തിലെ പോരാളികൾക്ക് പ്രോത്സാഹനമരുളാൻ വേണ്ടി.

ഇപ്പോഴത്തെ സ്ഥിതിവിശേഷത്തെ ക്ഷണം ചെയ്തതു് രാജ്യത്തിന്റെ ഭരണയെ അട്ടിമറിക്കാനും രാജ്യത്തിന്റെ ഭരണയെ തകർക്കാനും ജനങ്ങളുടെ മനോവീര്യവും ധാർമ്മികബോധവും നശിപ്പിക്കാനും കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ചീക്കിങ്ങ് അനുകൂല കമ്മ്യൂണിസ്റ്റുകളും കരിഞ്ചന്തക്കാരും അഴിമതി ഉദ്യോഗസ്ഥന്മാരും വഞ്ചകന്മാരാണെന്നും നന്ദ വിവരിച്ചു.

....

ചാക്കോളാ ടോഫി

ഹൈദ്രബാദ് കുണ്ടറയെ തോല്പിച്ചു

[സ്വ പ്ര] തൃശ്ശൂർ ഏ. 17

രണ്ടു പ്രാവശ്യം വാശിയോടെ പൊരുതി സമനിലയിൽ പിരിഞ്ഞ അതേ കണ്ടറയും ഹൈദ്രാബാദും തമ്മിൽ ഇന്നു 3_ാം പ്രാവശ്യവും മത്സരിച്ചതിൽ ഏകപക്ഷീയമായ ഒരു ഗോളിനു ഹൈദ്രാബാദ് ടീം വിജയിച്ചിരിക്കുന്നു. കളി തുടങ്ങി 15_ാം മിനിറ്റിൽ ഹൈദ്രാബാദ് ടീമിന്റെ റൈറ്റ് ഔട്ട് മുഹമ്മദ് യൂസഫ്ഖാൻ അവരുടെ വിജയത്തിനാസ്പദമായ ഏകഗോളം നേടി തുടർന്നു് ആദ്യപകുതിയിൽ കളി നിജ്ജീവമായിരുന്നു. രണ്ടാം പകുതിയിൽ കുറച്ചുനേരം കുണ്ടറ ഗോളം മടക്കി അടിക്കുവാൻ വിഫലശ്രമം നടത്തുകയുണ്ടായി. പന്ത് ഫിനിഷുചെയ്യുവാൻ കുണ്ടറീമിനു സാധിച്ചിരുന്നില്ല. ഇതു ഗോളികൂടിയും ഇന്നു വിശ്രമമായിരുന്നു. ഇന്നത്തെ കളി ആദ്യന്തം നിജ്ജീവമായിരുന്നു. ഈ ടൂർണ്ണമെന്റിലെ ആദ്യത്തെ സെമിഫൈനൽസ് മത്സരം എം. ആർ. സി.യും, സി. എ. ഐ.യും തമ്മിൽ നാളെ നടക്കുന്നതായിരിക്കും.

....

സിയോളിൽ പ്രക്ഷോഭക്കാരും പോലീസും ഏറ്റുമുട്ടി

(റോയിട്ടർ) സിയോൾ, ഏ. 17

സിയോളിലെ തെരുവീഥികളിൽ ഇന്നലെ പ്രകടനം നടത്തിയ വിദ്യാർത്ഥികളും പോലീസുമായി ഏറ്റുമുട്ടി. പ്രകടനത്തിൽ പങ്കെടുത്ത 5000 ത്തോളം വിദ്യാർത്ഥികളുടെ കല്ലേറ് നേരിടുവാൻ കഴിയാതെ പോലീസ് പട്ടാളത്തിന്റെ സഹായം തേടി. ഉടൻതന്നെ ലാത്തിച്ചാർജ്ജും കണ്ണീർവാതകപ്രയോഗവും നടന്നു.

കഴിഞ്ഞ നാലു് ദിവസമായി തുടർച്ചയായി പ്രകടനം നടക്കുന്നതുകൊണ്ടു് ആവശ്യമെന്നവന്നാൽ സൂക്കലാശ്രമങ്ങളും ഹൈസ്കൂളുകളും അടച്ചിടുവാൻ പ്രസിഡണ്ടു് യുങ്ഹി പാക്കിന്റെ ഗവണ്മെണ്ടു് ആവശ്യപ്പെട്ടിട്ടുണ്ടു്. ജപ്പാനും, നെതർലൻഡും തമ്മിലുള്ള ബന്ധങ്ങളെ നന്നാക്കുന്നതിനുള്ള പ്രസിഡണ്ടിന്റെ ശ്രമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടാണ് വിദ്യാർത്ഥികൾ പ്രകടനം നടത്തുന്നതു്.

—

വഞ്ചികൾ മുങ്ങി 18 പേർ മരിച്ചു

(പി ടി ഐ) വിജയവാഡ, ഏ. 17

എൻപതോളം തീർത്ഥാടകരെ കയറിയിരുന്ന എട്ടു് വഞ്ചികൾ ഒന്നിച്ചു് കൃഷ്ണാനദിയിൽ മുങ്ങിയതിനെത്തുടർന്നു് 18 യാത്രക്കാർ മുങ്ങിമരിച്ചു.

ഗുണ്ടൂർ, ബാപ്പട്ടല, വിജയവാഡ എന്നിവിടങ്ങളിൽനിന്നുള്ള സായിബാബ ഭക്തരാണ് ഈ തീർത്ഥാടകരെല്ലാം.

വഞ്ചികൾ എല്ലാം ഒന്നിച്ചു കൂട്ടികെട്ടിയിരിക്കുകയായിരുന്നു. അപകടത്തിൽപ്പെട്ടവരെ യാത്രക്കാർ രക്ഷപ്പെടുത്തിട്ടുണ്ടു്. അവരിൽ ചിലർ നീന്തിക്കയറി. മറെ ചിലരെ വഞ്ചിക്കാർ രക്ഷിച്ചു.

മൃതദേഹങ്ങൾക്കുള്ള തിരച്ചിൽ നടന്നുകൊണ്ടിരിക്കുകയാണു്. മുങ്ങിമരിച്ചവർ ഇതുപതിൽ കൂടുതൽ വരികയില്ലെന്നു് ഗുണ്ടൂർ കലക്ടർ പറഞ്ഞു.

....

നിര്യാതനായി

മുക്കട്ടുകര, ഏ. 17

ഇവിടത്തെ വില്ലേജ് ഓഫീസറുടെ പിതാവു് (ഠട്ടേയ്ഡു്താലൂക്ക് ഓഫീസ് ക്ലാക്ക്) ആയിരുന്ന കാക്കിശ്ശേരി ഐപ്പുഐപ്പു വാദ്ധ്യസഹജമായ സുഖക്കേടു്മൂലം നിര്യാതനായിരിക്കുന്നു. മുക്കട്ടുകര സെൻറ് ജോർജ്ജ്പള്ളി സെമിത്തേരിയിൽ ശവസംസ്കാരകർമ്മം നിവ്വഹിക്കപ്പെട്ടു.

പോലീസ് അറസ്റ്റ്ചെയ്ത ഒരാൾ ആസ്പത്രിയിൽവെച്ച് മരിച്ചു

(സ്വ. ലേ.) കൊച്ചി ഏ. 17

ഫോർട്ടുകൊച്ചി പോലീസ് ഇന്നലെ അറസ്റ്റ്ചെയ്ത കറക്കൻ കുഞ്ഞുമുഹമ്മത് എന്നാളം ഇന്നു് ഫോർട്ടുകൊച്ചി ആസ്പത്രിയിൽവെച്ച് നിര്യാതനായിരിക്കുന്നു.

ഇന്നലെ രാത്രി 12 മണിക്കാണ് പുല്ലുപാലത്തിനു് സമീപംവെച്ച് ഇദ്ദേഹത്തെ മദ്യനിരോധനിയമം ലംഘിച്ചതിനു് പോലീസ് അറസ്റ്റ്റ്റ്ചെയ്തതെന്നും അറസ്റ്റിനു് മുൻപ് ബലപ്രയോഗം നടക്കുകയുണ്ടായെന്നും പോലീസ് പറയുന്നു. മെഡിക്കൽ പരിശോധനക്കായി ഇന്നു് മുഹമ്മതിനെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അവിടെവെച്ചുദ്ദേഹം നിര്യാതനായതാണുണ്ടായതു്.

പോലീസ് സംഘത്തെ തടഞ്ഞുനിറുത്തിയെന്നതിനു് മുഹമ്മതിന്റെ സഹോദരൻ അബു, മമ്മ, ലത്തീഫ്, ഹംസ എന്നിവരുടെ പേരിൽ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടു്. തന്നേയും സഹോദരനേയും മറെപോലീസുകാരുടെ ലോക്കപ്പിലിട്ടു് മർദ്ദിച്ചു എന്ന അബുവിന്റെ പരാതിയെത്തുടർന്നു് ഏതാനും പോലീസുകാരുടെ പേരിൽ ഒരു കൌണ്ടർകേസുമുണ്ടു്.

ഈ മർദ്ദനത്തിൽ പ്രതിഷേധിച്ചു് ആഞ്ഞിപ്പിനോം മൈതാനിയിൽവിവിധകക്ഷികളുടെ ആഭിമുഖ്യത്തിൽ പ്രതിഷേധയോഗം നടന്നു.

മുഹമ്മതിനു് 38 വയസ്സു് പ്രായമുണ്ടു്. അഞ്ചുകുട്ടികളും ഗർഭിണിയായ ഭാര്യയുമാണുള്ളതു്. മൃതശരീരത്തിനു് 10 വയസ്സാണു് പ്രായം.

....

പീക്കിങ്ങിന്റെ "കറത്ത മനുഷ്യർ"

ഭരണകക്ഷിയുടെ പാർട്ടിലൈൻ പിന്തുടരുന്നില്ലെന്ന കുറത്തിനു് പീക്കിങ്ങ് അനവധി ബുദ്ധിജീവികളെയും സാങ്കേതികവിദഗ്ദ്ധന്മാരെയും 'കറത്ത ലിസ്റ്റി'ൽ ഉൾപ്പെടുത്തിയിരിക്കുന്നു. 'ചൈനയിലെ കറത്ത മനുഷ്യർ' എന്നാണ് അവക്ക പേരിട്ടിരിക്കുന്നതു്. പീക്കിങ്ങ് ഭരണകക്ഷി പ്രസിദ്ധപ്പെടുത്തിയ പൊതുവിജ്ഞാപനങ്ങളിൽ ഈ വസ്തുത വെളിപ്പെടുത്തിയിരിക്കുന്നു. വിലടിച്ചു നിൽക്കുന്ന അസംതൃപ്തരായ ഒരു സംഘം ആളുകളായി പീക്കിങ്ങ് ഇവരെ വിശേഷിപ്പിച്ചിരിക്കുന്നു. ഈ 'കറത്ത മനുഷ്യർ'ക്ക് പ്രവേശനം നിരോധിച്ചിട്ടുള്ള സ്ഥലങ്ങളും വിജ്ഞാപനത്തിൽ ചേർത്തിട്ടുണ്ടു്.

കുറെക്കാലമായി 'കറത്ത മനുഷ്യരുടെ അണികം എല്ലാത്തരക്കാരെയുംകൊണ്ടു് നിറഞ്ഞിരിക്കുന്നു. അതിൽ എസ്റ്റേ–നാഷണലിസ്റ്റുകളും അപമാനിക്കപ്പെട്ട പഴയ പാർട്ടി അംഗങ്ങളും ഉൾപ്പെട്ടിരുന്നു. അതിൽ വിഘടിച്ചുനിൽപ്പുണ്ടായിരുന്ന വിദ്യാർത്ഥികളുമുണ്ടു്. എന്നാൽ, സമീപകാലത്തായി ഈ പാർട്ടി നയങ്ങളോടു് അനുസരിക്കാൻ വിസമ്മതിച്ച ബുദ്ധിജീവികളും സാങ്കേതിക വിദഗ്ദ്ധന്മാരുമാണ് ഇതിൽ അധികവും. ബുദ്ധിപരവും തൊഴിൽപരവുമായ കാര്യങ്ങളിൽ അവർ യാതൊരു വിസമ്മതവും പ്രകടിപ്പിച്ചിട്ടില്ല എന്നിട്ടും അവരെ 'കറത്ത മനുഷ്യ'രെന്നു് പാർട്ടി മുദ്രകുത്തി. പാർട്ടി പ്രവർത്തകർക്ക് അവക്കു് കരിക്കലും സ്വസ്ഥത കൊടുക്കാറുമില്ല. നഗരങ്ങളിൽ ഇവക്കു പ്രവേശനം നിഷേധിച്ചിരിക്കുന്നു. ഇവരുടെ ജീവിതമോ, കഷ്ടതകളും നിറഞ്ഞതും, എല്ലാവരും ഇവരെ ഒറപ്പെടുത്തണമെന്നും ഇവരുമായുള്ള ബന്ധം വിഛേദിക്കണമെന്നും പാർട്ടി പ്രവർത്തകർ ആജ്ഞാപിച്ചിട്ടുണ്ടു്.

—

ദാരുണമായ ഒരു മരണം

പുന്നംപറമ്പ് ഏ. 17

മലാക്ക കൊടുന്തലാപ്പിള്ളി ഔസേപ്പ് ജോസഫ്[58 അബദ്ധത്തിൽ കിണറിൽവീണു് പരുക്കേറെതിനെ തുടർന്നു് ആസ്പത്രിയിലേയ്ക്കു് കൊണ്ടുപോകുംവഴി മരണമടഞ്ഞിരിക്കുന്നു.

സന്ധ്യക്ക് ഭോജനം കഴിച്ചിട്ട് കുളിക്കാൻ പോയതായിരുന്നു ജോസഫ്. നാത്തകാവുള്ളതിനാൽ അല്പനേരം കാവുകൊള്ളാമെന്നു കരുതി കിണറുമതിലിൽ ഇരുന്നുവത്രെ. പെട്ടെന്നു് കുലുങ്ങിത്തെറ്റു് അദ്ദേഹം കിണറിൽ വീഴുകയാണുണ്ടായതു്. ആൾക്കാർ കൂടി എത്തി കരയ്ക്കുകയറി ജോസഫിനെ ആസ്പത്രിയിലേയ്ക്കു കൊണ്ടുപോയെങ്കിലും അദ്ദേഹം മരണമടയുകയാണുണ്ടായതു്.

മൃതദേഹം പോസ്റ്റ്മാർട്ടത്തിനുശേഷം മച്ചാട് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

....

തലശ്ശേരി രൂപതാ മിഷ്യൻലീഗ് വാർഷികം

രണ്ടു് അഭിവന്ദ്യ തിരുമേനിമാരുടെ സാന്നിദ്ധ്യം

പേരാവൂർ, ഏപ്രിൽ 17

അഖിലകേരള പൊന്തപുണ്യമിഷ്യൻ ലീഗ് തലശ്ശേരി രൂപതാ വാർഷികം ഏപ്രിൽ 23, 24, 25 തീയതികളിൽ പേരാവൂർ പൊന്തപുണ്യനഗരിൽ സാഘോഷം കൊണ്ടാടപ്പെടുന്നതാണു്.

25_ാംനു- വെള്ളിയാഴ്ചത്തെ സമ്മേളനത്തിൽ വെ. റവ. ഫാ. റാഫേൽ എസ് ജെ; റവ. സി. മാർട്ടിൻ മേരി എം. എ. ബ്രദർ മാത്യു കണ്ടം എന്നിവരും ശനിയാഴ്ചത്തെ സമ്മേളനത്തിൽ റവ. ഫാ. ചിറയ്ക്കൽ സംബന്ധിക്കും.

25_ാംനു- ഞായറാഴ്ച നടക്കുന്ന സമാപനസമ്മേളനത്തോടനുബന്ധിച്ചു ടൌൺ പൂരാ ഒരു റാലി നടത്തപ്പെടുന്നതാണു്. 6 മണിക്ക് ചേരുന്ന പൊതുസമ്മേളനത്തിൽ റൈറ്റ് റവ. ഡോ. തെയ്യബാസ്റ്റ്യൻ വയലിൻ തിരുമേനി ആദ്ധ്യക്ഷം വഹിക്കും. സമ്മേളനം റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ തിരുമേനി ഉൽഘാടനം ചെയ്യും. ടി. എം. മാത്യു, എം. എസ്. സി. പ്രസംഗിക്കും. സമ്മേളനങ്ങളോടനുബന്ധിച്ചു് വിവിധ കലാപരിപാടികളും നടത്തപ്പെടുന്നതും സമാപനസമ്മേളനത്തിനുശേഷം "തീപ്പിടിച്ച ആത്മാവു്" എന്ന നാടകം നടത്തപ്പെടുന്നതുമാണു്. ഞായറാഴ്ച കാലത്തു് അഭിവന്ദ്യ തിരുമേനിമാക്ക് സ്വീകരണവും നല്കപ്പെടും.

ഈ ദിവസങ്ങളിൽ പേരാവൂർ ഫൊറോനാപള്ളിയിലെ ദിവ്യകാരുണ്യനാളും ആഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്നതാണു്.

....

"കെടാവിളക്കു്"

കൊല്ലം, ഏ 16

യുവസാഹിത്യകാരനായ ശ്രീ എഡ്വിൻ ആർ. നെറോയുടെ 'കെടാവിളക്കു്' എന്ന നോവൽ കല്പന പിക്ചേഴ്സ് എന്ന പുതിയ ഫിലിം കമ്പനിക്കാർ ചലച്ചിത്രമാക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിരിക്കുന്നു. ഇതിന്റെ സംഭാഷണരചനയും കഥാകൃത്തുതന്നെയാണ് 'കെടാവിളക്ക്' മലയാളത്തിലെ ആദ്യത്തെ റിയലിസ്റ്റിക് ചിത്രമായിരിക്കുമെന്നു് 'കൽപന' അണിയറ പ്രവർത്തകർ അവകാശപ്പെടുന്നു. എറവും കൂടുതൽ പുതുമുഖങ്ങളെ അണിനിരത്തിക്കൊണ്ടുള്ള പ്രസ്തുത ചിത്രത്തിന്റെ ഗാനരചന ശ്രീ ടി. വി. ഗോപാലകൃഷ്ണൻനിവ്വഹിക്കുന്നു. എസ്. രവീന്ദ്രൻ നായർ എം. എ. ബി. എഡ് നിർമ്മിക്കുന്ന കെടാവിളക്കിന്റെ സംവിധായകൻ ശ്രീ സി. ബി. കുഞ്ഞാണു്.

.....

Printed and Published by Paul Vappila for the A. C. P. Institute at the Thozhilali Press Trichur

"താരായുടെ സ്പെഷൽ പ്രോഗ്രാം"

ഈസ്റ്റർ പ്രമാണിച്ചു് 20_4_'65 വരെ 8½"×6½" (ഫ്രെംസൈസ് ഫോട്ടോകോപ്പി 1_ക്ക് വെറും 3ക. മാത്രം

സന്ദർശിക്കുക:–

താരാ സ്റ്റുഡിയോ

ഷൊർണ്ണൂർറോഡ് തൃശ്ശൂർ–1

തൃശ്ശൂർ _ രാമവർമ്മയിൽ

പേപ്പർട്ടർ കുഞ്ഞാലി

ഇതരകേന്ദ്രങ്ങളിൽ–

എറണാകുളം _ ലക്ഷ്മണൻ _ കോഴിക്കോട് _ ഡേവിസൺ

കണ്ണൂർ _ സെൻട്രൽ _ തലശ്ശേരി _ ലോട്ടസ്

പാലക്കാട് _ ലൈല _ കൊല്ലം _ കൃഷ്ണ

ആലപ്പുഴ _ ശ്രീകൃഷ്ണ _ മദ്രാസ് _ ഗയിറ്റി

കഥ–സംഭാഷണം N. N. പിള്ള


ഗാനങ്ങൾ അഭയദേവ്

സംഗീതം ബാബുരാജ്

സംവിധാനം പി. എ. തോമസ് AND ശശികുമാർ

ഫോൺ 1423

വിജയകരമായ 2_ാംവാരം



തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിൽ

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നു് തിരഞ്ഞെടുത്ത അനവധി അഭ്യാസികളും ചൈന, ഹങ്കറി, ഫിലിപ്പൈൻസ് തുടങ്ങിയ വിദേശരാജ്യങ്ങളിലെ കായികാഭ്യാസികളും റഷ്യൻ–അമേരിക്ക രോക്കറ്റുകളെ അതിശയിപ്പിക്കുന്ന അത്ഭുത പ്രവർത്തികളും ഒത്തിണക്കിക്കൊണ്ടു് കാണികളെ അത്ഭുത ലോകത്തിലെത്തിക്കുന്നു

നാഷണൽ സർക്കസ്

ദിവസേന 2 കളികൾ 6_30 P. M. 9_30 ശനി ഞായർ മറെ ഒഴിവുദിവസങ്ങളിൽ മാറിനി 3 മണിക്കു്

JAWAHAR

അമേരിക്കൻ ന്യൂക്ലിയർ റിയാക്ടർ

വാഷിംഗ്ടൺ, ഏപ്രിൽ 17

"സ്നാപ്_10 ഏ" എന്ന പേരിലറിയപ്പെടുന്ന ന്യൂക്ലിയർ റിയാക്ടറിന്റെ വിജയകരമായ പ്രവർത്തനം അമേരിക്കയെ സംബന്ധിച്ചിടത്തോളം 'ചരിത്രം സൃഷ്ടിക്കുന്ന ഒരു നാഴികക്കല്ലാണ്" എന്നു് അമേരിക്കൻ അണുശക്തിക്കമ്മീഷന്റെ ചെയർമാൻ ഗ്ലെൻ റാി. സീബോർഗ് പ്രസ്താവിച്ചിരിക്കുന്നു. ഇത്തരമൊരു റിയാക്ടർ ന്യൂക്ലിയർ കാശത്തിൽ എത്തിക്കുന്നതു് ലോകത്തിൽ ആദ്യമായിട്ടാണ്.

അണുശക്തിയിൽനിന്നു വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന ഈ റിയാക്ടർ യൂണിറ്റ് ഏപ്രിൽ 3_ാംനു- അമേരിക്കയുടെ പടിഞ്ഞാറെ തീരത്തുനിന്നു് വിക്ഷേപിക്കപ്പെട്ട. ഭ്രമണപഥത്തിൽ എത്തിയശേഷം ഭൂമിയിൽനിന്നു് റേഡിയോ സിഗൽ വഴി നല്കിയ ആജ്ഞയനുസരിച്ചു് ഈ റിയാക്ടർ പ്രവർത്തനമാരംഭിച്ചു, അപ്പോൾ മുതൽ പരമാവധി കഴിവനുസരിച്ചുള്ള വിദ്യുച്ഛക്തി ഇതു് ഉല്പാദിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. കഴിഞ്ഞ ശനിയാഴ്ച മുതൽ ഇതു് ഭൂമിയിൽനിന്നുള്ള യാതൊരു നിയന്ത്രവും കൂടാതെ സ്വയം പ്രവർത്തിച്ചുകൊണ്ടുമിരിക്കുന്നു.

'സമാധാനപരവും രചനാത്മകവുമായ ലക്ഷ്യങ്ങൾക്കു് അണുശക്തി ഉപയോഗപ്പെടുത്തുന്നതിലുണ്ടായ നമ്മുടെ സാങ്കേതിക വിജയങ്ങളിലൊന്നാണ് ഈ റിയാക്ടറിന്റെ വിക്ഷേപണം' എന്നു് ഡോ: സീബോർഗ് പറഞ്ഞു.

അദ്ദേഹം ഇപ്രകാരം തുടർന്നു: 'ന്യൂക്ലിയർ കാശ പര്യവേക്ഷണത്തിനും ന്യൂക്ലിയർ കാശസഞ്ചാരത്തിനും അനേകമായിരം കിലോവാട് വൈദ്യുച്ഛക്തിപാദനോപായങ്ങളും അനേകവർഷക്കാലം പ്രവർത്തനക്ഷമമായിരിക്കുകയും വേണം. ഈ ആവശ്യങ്ങളും നിറവേറാൻ കഴിയുന്ന ഒരു പ്രായോഗികോപകരണം ന്യൂക്ലിയർ റിയാക്ടർ മാത്രമാണ്.'

....

റസിഡൻഷ്യൽ സ്കൂളുകളിലെ മെരിറ്റ് സ്കോളർഷിപ്പുകളും

ന്യൂഡൽഹി, ഏ. 17

റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്നും 1965_66_ലെ മെരിറ്റ് സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ കേന്ദ്ര വിദ്യാഭ്യാസവകുപ്പ് ക്ഷണിച്ചി